പ്രയോഗിക്കാവുന്ന ഏതെങ്കിലും തത്വങ്ങൾ സ്ഥാപിക്കുന്നത് അപ്രായോഗികവും അനുചിതവും അനഭിലഷണീയവും ആകും. ഇത് എല്ലായ്പ്പോഴും നിരവധി പ്രസക്തമായ പരിഗണനകളെ ആശ്രയിച്ചിരിക്കും, അവയിൽ ചിലത് ഇവയാണ് – മുൻകാല വീക്ഷണത്തിന്റെ പുനഃപരിശോധനയും പുനരവലോകനവും ആവശ്യപ്പെടുന്ന ഒരു ഹർജി നൽകുന്നതിന് അടിസ്ഥാനമാക്കിയ, ആ വീക്ഷണത്തിലെ ബലഹീനതയുടെയോ പിശകിന്റെയോ സ്വഭാവം എന്താണ്?; മുൻ സന്ദർഭത്തിൽ, ചോദ്യത്തിന്റെ ചില കാതലായ വശങ്ങൾ ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്നോ, അല്ലെങ്കിൽ പ്രസക്തവും പ്രധാനപ്പെട്ടതുമായ ഏതെങ്കിലും നിയമപരമായ വ്യവസ്ഥയിലേക്ക് കോടതിയുടെ ശ്രദ്ധ പതിയാതിരുന്നിട്ടുണ്ടോ, അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ കോടതി നൽകിയിട്ടുള്ള ഏതെങ്കിലും മുൻകാല വിധിന്യായം ശ്രദ്ധിക്കാതിരുന്നിട്ടുണ്ടോ?; മുമ്പത്തെ വീക്ഷണത്തിൽ അത്തരമൊരു പിശകുണ്ടെന്ന് ഹർജി കേൾക്കുന്ന കോടതിക്ക് ഏകകണ്ഠമായ അഭിപ്രായമുണ്ടോ?; നിയമത്തിന്റെ പൊതുഭരണത്തിലോ പൊതുനന്മയിലോ ഈ പിശകിന്റെ ആഘാതം എന്തായിരിക്കും?; ഈ കോടതിയോ ഹൈക്കോടതികളോ തുടർന്നുള്ള സന്ദർഭങ്ങളിൽ ഈ മുൻ തീരുമാനത്തെ പിന്തുടർന്നിട്ടുണ്ടോ? കൂടാതെ, മുൻ തീരുമാനം റദ്ദാക്കുന്നത് പൊതുജനങ്ങൾ അസൗകര്യമോ ബുദ്ധിമുട്ടോ ദ്രോഹമോ നേരിടുന്നതിന് കാരണമാകുമോ?. മുൻ തീരുമാനങ്ങൾ പുനഃപരിശോധിക്കാനും പരിഷ്കരിക്കാനും ഈ കോടതി അതിന്റെ അധികാരപരിധി വിനിയോഗിക്കേണ്ടിവരുമ്പോഴെല്ലാം ഇവയും മറ്റ് പ്രസക്തമായ പരിഗണനകളും ശ്രദ്ധാപൂർവ്വം മനസ്സിലുണ്ടാകണം. മുൻ തീരുമാനം ഈ കോടതിയിലെ അഞ്ച് പണ്ഡിത ജഡ്ജിമാരടങ്ങിയ ഒരു ബെഞ്ചിന്റെ ഏകകണ്ഠമായ തീരുമാനമാകുമ്പോൾ ഈ പരിഗണനകൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

455. ശ്രീ റോഹത്ഗിയുടെ വാദങ്ങൾ അംഗീകരിക്കരുതെന്നാണ് സ്റ്റേർ ഡിസിസിസ് തത്വവും ഈ കോടതിയോട് ആവശ്യപ്പെടുന്നത്. *സ്റ്റേറ്റ് ഓഫ് ഗുജറാത്ത് v. മിർസാപൂർ മോത്തി കുറേഷി കസ്സബ് ജമാഅത്ത്* [(2005) 8 എസ്സിസി 534] കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് നൽകിയ വിധിയുടെ 111, 118 ഖണ്ഡികകളിൽ സ്റ്റേർ ഡെസിസിസ് തത്വം വിശദീകരിച്ചുകൊണ്ട് ഇനിപ്പറയുന്ന പ്രകാരം പറഞ്ഞു: (എസ്സിസി പേജ് 589 & 591)

> "111. സ്റ്റേർ ഡിസിസിസ് എന്നത് ഒരു ലാറ്റിൻ പദപ്രയോഗമാണ്, അതിനർത്ഥം 'തീർപ്പായ വിധിന്യായത്തിൽ നിൽക്കുക; മുൻവിധിന്യായങ്ങൾ ഉയർത്തിപ്പിടിക്കുക; മുൻ വിധിന്യായങ്ങൾ നിലനിർത്തുക' എന്നെല്ലാമാണ്. ഈ തത്വം "സ്റ്റേർ ഡിസിസിസ് എറ്റ് നോൺ കുയറ്റ മൂവേർ (stare decisis et non quieta movere)" എന്ന

പ്രയോഗത്തിലൂടെ പ്രകടിപ്പിക്കുന്നു; അതായത് തീരുമാനങ്ങളിൽ ഉറപ്പുണ്ടായിക്കണം, കൂടാതെ തീർപ്പാക്കിയതിനെ അലോസരപ്പെടുത്തുകയുമരുത്. ലോർഡ് കോക്ക് തന്റെ ക്ലാസിക് ഇംഗ്ലീഷ് പതിപ്പിൽ ഇത് ഉചിതമായി അവതരിപ്പിച്ചു, 'പലപ്പോഴും പരിഗണനയ്ക്ക് എത്തുന്ന, വിധി നിർണയിച്ചിട്ടുള്ള കാര്യങ്ങൾ സമാധാനത്തോടെ വിശ്രമിക്കണം'. എന്നിരുന്നാലും, ജസ്റ്റിസ് ഫ്രാങ്ക്ഫർട്ടർ പറയുന്നതനുസരിച്ച്, സ്റ്റേർ ഡെസിസിസ് എന്ന സിദ്ധാന്തം "യുക്തിയുടെ തടവറ" അല്ല (അഡ്വാൻസ്ഡ് ലോ ലെക്സിക്കൺ, പി. രാമനാഥ അയ്യർ, മൂന്നാം പതിപ്പ്. 2005, വാല്യം 4, പേജ് 4456). സ്ഥിരത നിലനിർത്തുകയും അനിശ്ചിതത്വം ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാന യുക്തി. വളരെക്കാലമായി ഒരു വിഷയത്തിൽ പ്രയോഗിക്കപ്പെടുന്ന ഒരു വീക്ഷണത്തെ മറ്റൊരു വീക്ഷണം സാധ്യമാകുമെന്നതിനാൽ മാത്രം അലോസരപ്പെടുത്തരുത് എന്നതാണ് ഇതിലെ മാർഗ്ഗനിർദ്ദേശ തത്വശാസ്ത്രം.

***

118. ആധികാരിക വിധിന്യായങ്ങളുടെ ഒരു പരമ്പരയിലൂടെ സ്ഥാപിതമായ നിയമത്തിന്റെ സുസ്ഥിരമായ തത്വങ്ങൾ പാലിക്കേണ്ടതുണ്ട് എന്നതിനാൽ, സ്റ്റേർ ഡിസിസിന്റെ സിദ്ധാന്തം പൊതുവെ അംഗീകരിക്കപ്പെടുന്നുണ്ട്. എന്നിരുന്നാലും, മാറിയ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, യുക്തിസഹമായ ശക്തമായ കാരണങ്ങൾ ഉണ്ടെങ്കിൽ പുതിയ വീക്ഷണത്തിന്റെ ആവശ്യകത ന്യായീകരിക്കപ്പെടുന്നു.

456. *ഇന്ദ്ര സാവ്നി കേസിലെ* [*ഇന്ദ്ര സാവ്നി v. യൂണിയൻ ഓഫ് ഇന്ത്യ,* 1992 സപ്ലിമെന്ററി (3) എസ്സിസി 217] ഭരണഘടനാ ബെഞ്ചിനു വേണ്ടി വിധി നൽകിക്കൊണ്ട് സംസാരിച്ച ജസ്റ്റിസ് ബി.പി. ജീവൻ റെഡ്ഡി, സ്റ്റേർ ഡിസിസിസ് തത്വത്തിന്റെ പ്രസക്തിയും പ്രാധാന്യവും മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു. ഉറപ്പ്, സ്ഥിരത, തുടർച്ച എന്നിവ നിയമത്തിൽ ഉണ്ടായിരിക്കേണ്ട വളരെ അഭികാമ്യമായ സവിശേഷതകളാണെന്ന് അദ്ദേഹം ആവർത്തിച്ചു. പ്രസ്തുത വിധിന്യായത്തിലെ ഖണ്ഡിക 683 ലെ വാക്കുകൾ താഴെ നൽകിയിരിക്കുന്നു: (എസ്സിസി പേജ് 657)

“683. ... ഒരു വിശാല ബെഞ്ചിലാണ് ഞങ്ങൾ ഇരിക്കുന്നതെങ്കിലും, സ്റ്റേർ ഡിസിസിസ് എന്ന തത്വത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഈ കോടതി മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്. ഉറപ്പ്, സ്ഥിരത, തുടർച്ച എന്നിവ നിയമത്തിൽ ഉണ്ടാകേണ്ട വളരെ അഭികാമ്യമായ സവിശേഷതകളാണെന്ന വസ്തുതയെക്കുറിച്ച് ഈ കോടതിക്ക് ബോധമുണ്ട്. ഒരു വിധിന്യായം കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചതും ഒരിക്കലും സംശയം ഉന്നയിക്കപ്പെടാത്ത ഒന്നുമാണെങ്കിൽ നാം അതിനെ മാനിക്കേണ്ടതുണ്ട്. ...

തീർച്ചയായും, അതിൽ നിന്ന് പിന്മാറാൻ നിർബന്ധിതവും ശക്തവുമായ കാരണങ്ങളില്ലാ എന്നതിനെ ആശ്രയിച്ചിരിക്കുന്നു ഇത്. എന്തായാലും, അത്തരം കാരണങ്ങൾ സംബന്ധിച്ച് അഭിപ്രായ സമന്വയം കണ്ടെത്താനാകാത്ത സാഹചര്യങ്ങളിൽ, നമ്മുടെ ഭരണഘടനയുടെ പദ്ധതിയും ലക്ഷ്യവും കോടതി മുമ്പാകെ ലഭ്യമായ മെറ്റീരിയലുകളും മനസ്സിൽ വെച്ചുകൊണ്ട് ചോദ്യങ്ങൾക്ക് തത്വാധിഷ്ഠിതമായി ഉത്തരം നൽകാൻ ഈ കോടതി ശ്രമിച്ചു."

10.6 *ഡോ. ഷാ ഫൈസൽ v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അനദർ* (2020) 4 എസ് സിസി 1 കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ചിന് സ്റ്റേർ ഡിസിസസ് തത്വവും മുൻകാല തീരുമാനങ്ങളുടെ തത്വവും മുൻവിധിന്യായങ്ങൾ, പുനർപരിശോധന,പുനരവലോകനം എന്നിവ സംബന്ധിച്ച നിയമവും പരിഗണിക്കാൻ അവസരം ലഭിച്ചു. പ്രീസിഡെന്റ് (മുൻ വിധിന്യായങ്ങളുടെ ബാധകത), സ്റ്റേർ ഡിസിസിസ് സിദ്ധാന്തങ്ങൾ നമ്മുടെ നിയമവ്യവസ്ഥയുടെ അടിസ്ഥാന മൂല്യങ്ങളാണെന്ന് ,*ചന്ദ്രപ്രകാശ് ആൻഡ് അദേർസ് v. സ്റ്റേറ്റ് ഓഫ് യുപി ആൻഡ് അനദർ* (2002) 4 എസ്സിസി 234 (ഖണ്ഡിക 22) കേസിലെ ഈ കോടതിയുടെ തീരുമാനം പരിഗണിച്ച ശേഷം പ്രസ്തുത വിധിന്യായത്തിൽ ഈ കോടതി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തു. നമ്മുടെ നിയമവ്യവസ്ഥയിൽ ഉറപ്പ്, സ്ഥിരത, തുടർച്ച എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിനായുള്ള സജ്ജീകരണങ്ങളാണ് അവ. ഈ കോടതി ഒരു തീരുമാനം എടുക്കുമ്പോൾ അത് ആശ്രയിക്കാവുന്ന ഒന്നായി മാറുകയും നിലവിലെ നിയമക്രമത്തെ അടിസ്ഥാനമാക്കി സമൂഹം അതുപ്രകാരം ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ അഭിപ്രായപ്പെട്ടുകൊണ്ട്, 17 മുതൽ 19 വരെയുള്ള ഖണ്ഡികകളിൽ താഴെ പറയുന്ന രീതിയിൽ വിവരിക്കപ്പെട്ടു:-

"17. സാമൂഹികമോ ഭരണഘടനാപരമോ സാമ്പത്തികമോ ആയ നിർബന്ധിത സാഹചര്യം ഉണ്ടാകുന്നതുവരെ, സ്ഥാപിതമായ മുൻവിധിന്യായങ്ങളെ കോടതികൾ സാധാരണയായി മറികടക്കരുതെന്ന് ഈ കോടതിയുടെ നിയമശാസ്ത്രം വ്യക്തമാക്കുന്നു. ഇത്തരം മറികടക്കലുകളുടെ എണ്ണം തന്നെ നിയന്ത്രണത്തെക്കുറിച്ചും പ്രീസിഡെന്റ് സിദ്ധാന്തത്തിന് ഈ കോടതി നൽകുന്ന മൂല്യത്തെക്കുറിച്ചും വ്യക്തമാക്കുന്നു. നീതി നടപ്പാക്കുന്നതിന് ഒഴിച്ചുകൂടാനാവാത്ത അടിത്തറയായാണ് മുൻവിധിന്യായങ്ങളുടെ ഉപയോഗത്തെ കോടതികൾ സാധാരണയായി കണക്കാക്കുന്നത്. അത്തരം മുൻവിധിന്യായങ്ങളുടെ ഉപയോഗം ഒരു പരിധി വരെ സ്ഥിരത നൽകുകയും അതിനെ ആശ്രയിച്ച് വ്യക്തികൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു. നിയമവാഴ്ചയുടെ വികസനത്തിന് ഇത് ഒരു അടിത്തറ സൃഷ്ടിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിലെ സുപ്രീം കോടതിയുടെ ചീഫ് ജസ്റ്റിസ് എന്ന

നിലയിൽ, ജോൺ റോബർട്ട്സ് തന്റെ സെനറ്റ് കൺഫിർമേഷൻ ഹിയറിംഗിനിടെ ഇപ്രകാരം നിരീക്ഷിച്ചു, "നിങ്ങൾ ഒരു മുൻകാല വിധിന്യായത്തെ മറികടക്കുമ്പോൾ അത് നിയമവ്യവസ്ഥയ്ക്ക് ഒരു ഞെട്ടലാണ്. സ്ഥിരതയും തുല്യതയും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രീസിഡെന്റ് ഒരു പ്രധാന പങ്ക് വഹിക്കുന്നു". [കോൺഗ്രഷണൽ റെക്കോർഡ്—സെനറ്റ്, വാല്യം 156, പി ടി 7, 10018 (7-6-2010).]

18. പ്രീസിഡെന്റ്, സ്റ്റേർ ഡിസിസിസ് സിദ്ധാന്തങ്ങൾ നമ്മുടെ നിയമവ്യവസ്ഥയുടെ കാതലായ മൂല്യങ്ങളാണ്. നമ്മുടെ നിയമവ്യവസ്ഥയിൽ ഉറപ്പ്, സ്ഥിരത, തുടർച്ച എന്നിവയെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സജ്ജീകരണങ്ങളാണ് അവ. നിയമത്തിന്റെ ഉറപ്പ് എന്ന ആശയത്തോട് ജഡ്ജിമാർ കടപ്പെട്ടിരിക്കുന്നു, അതിനാൽ അവർ പലപ്പോഴും അതിനകം സ്ഥാപിതമായ നിയമ തത്വങ്ങളെ ആശ്രയിച്ച് അവരുടെ വിധിന്യായങ്ങളെ ന്യായീകരിക്കുന്നു.

19. ഈ കോടതി ഒരു തീരുമാനം എടുക്കുമ്പോൾ അത് ആശ്രയിക്കാവുന്ന ഒന്നായി മാറുകയും നിലവിലെ നിയമക്രമത്തെ അടിസ്ഥാനമാക്കി സമൂഹം അതനുസരിച്ച് ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. ഗണ്യമായ ജുഡീഷ്യൽ സമയവും സ്രോതസുകളും റഫറൻസുകൾക്കായി ചെലവഴിക്കേണ്ടി വരും എന്നതിനാൽ, അത് വളരെ ലാഘവത്തോടെയോ ഉത്സാഹത്തോടെയോ ചെയ്യാൻ പാടില്ല. ഒരു ബെഞ്ച് നൽകുന്ന ഒരു നിർദ്ദേശത്തിന് അതേ ബെഞ്ചിന്റെ തുടർന്നുള്ള വിധിന്യായവുമായി വൈരുദ്ധ്യമുള്ളപ്പോഴോ നിർദ്ദേശം നടപ്പിലാക്കാൻ കഴിയാത്തതോ നന്നായി സ്ഥാപിതമായ ഒരു തത്വത്തിന് വിരുദ്ധമായതോ ആണെന്ന് കാണുമ്പോഴോ മാത്രമേ ഒരു വിശാല ബെഞ്ചിലേക്ക് റഫർ ചെയ്യേണ്ടതുള്ളൂ. ഈ സാഹചര്യത്തിൽ, *ചന്ദ്ര പ്രകാശ് v. സ്റ്റേറ്റ് ഓഫ് യു പി* [(2002) 4 എസ്സിസി 234] കേസിൽ ഈ കോടതിയിലെ അഞ്ച് ജഡ്ജിമാരടങ്ങിയ ബെഞ്ച്, മുൻകാല വിധിന്യായങ്ങളുടെ ഒരു പരമ്പര പരിഗണിച്ച ശേഷം, ഇപ്രകാരം ആവർത്തിച്ചു: (SCC പേജ് 245, ഖണ്ഡിക 22)

> "22. ... നമ്മുടെ നീതിന്യായ വ്യവസ്ഥയിൽ ബാധകമായ മുൻവിധിയെ സംബന്ധിച്ച സിദ്ധാന്തം അത്യന്താപേക്ഷിതമാണ്. ഇത് ജുഡീഷ്യൽ തീരുമാനങ്ങളിൽ ഉറപ്പും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നു. ജുഡീഷ്യൽ സ്ഥിരത വ്യവസ്ഥയിലുള്ള ആത്മവിശ്വാസം പ്രോത്സാഹിപ്പിക്കുന്നു, അതിനാൽ, ഈ കോടതിയുടെ തീരുമാനങ്ങളിൽ നിയമ തത്വങ്ങൾ പ്രഖ്യാപിക്കുമ്പോൾ സ്ഥിരത പുലർത്തേണ്ട ആവശ്യകതയുണ്ട്."
>
> (ഊന്നൽ നൽകിയിരിക്കുന്നു)"

10.7 മുൻ വിധിന്യായങ്ങളെ മറികടക്കുന്നതിനുള്ള ചട്ടം പോലും വളരെ ജാഗ്രതയോടെ പ്രയോഗിക്കണമെന്നും മുൻ തീരുമാനം വ്യക്തമായും തെറ്റാണെങ്കിൽ മാത്രമാണ് ഇത് പ്രയോഗിക്കേണ്ടതെന്നും മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിരീക്ഷിക്കുകയും വിധിക്കുക്കുകയും ചെയ്തു. ഉദാഹരണത്തിന് മുൻവിധിന്യായം വന്നിട്ടുള്ളത് റദ്ദാക്കിയതോ കാലഹരണപ്പെട്ടതോ ആയ ഒരു നിയമം തുടരുന്നതായുള്ള തെറ്റായ അനുമാനത്തിൽ നിന്നാണ്, അല്ലെങ്കിൽ കോടതി പിന്തുടരാൻ ബാധ്യസ്ഥമായ മറ്റൊരു കോടതിയുടെ തീരുമാനത്തിന് വിരുദ്ധമാണ്, അല്ലെങ്കിൽ വിഷയം തീർപ്പാക്കപ്പെട്ടിട്ടില്ലാത്തതാണെങ്കിൽ പ്രത്യേക നിർദേശമില്ലാതെ തന്നെ കോടതിയിലെ ചില അംഗങ്ങൾ അല്ലെങ്കിൽ എല്ലാവരും പിന്നീട് വ്യത്യസ്തമായ ഒരു നിഗമനത്തിലെത്തിയേക്കാം എന്നിങ്ങനെയുള്ള സാഹചര്യങ്ങളിൽ മാത്രമാണ് ഇത് അനുവദിക്കേണ്ടത്. അല്ലാത്തപക്ഷം നിയമത്തിന്റെ വ്യാഖ്യാനത്തിൽ തുടർച്ചയുടെ അഭാവത്തിന്റെ വലിയ അപകടമുണ്ടാകുമെന്ന് തുടർന്ന് നിരീക്ഷിക്കപ്പെട്ടു. ഒരു കോർഡിനേറ്റ് ബെഞ്ച് എടുക്കുന്ന തീരുമാനങ്ങൾ ആ ബെഞ്ചിന് തുല്യമായതോ കൂറവായതോ ആയ ശക്തിയുള്ള ബെഞ്ചുകൾക്ക് തുടർന്ന് ബാധകമാണെന്നും മറ്റൊരു കോർഡിനേറ്റ് ബെഞ്ച് സ്വീകരിച്ച വീക്ഷണം അനുചിതമാണെന്ന് കാണിക്കുന്നില്ലായെങ്കിൽ അതിന് വിപരീതമായ വീക്ഷണം സ്വീകരിക്കാൻ തുല്യ ശക്തിയുള്ള ഒരു കോർഡിനേറ്റ് ബെഞ്ചിന് സാധിക്കില്ലെന്നും തുടർന്ന് നിരീക്ഷിക്കുകയും വിധിക്കുകയും ചെയ്യുന്നു.

11. ഈ ഘട്ടത്തിൽ, സ്ഥിരത, ഉറപ്പ്, ഏകീകൃതത എന്നിവയെക്കുറിച്ചുള്ള ഈ കോടതിയുടെ ചില തീരുമാനങ്ങളും പരിഗണന അർഹിക്കുന്നു, അവ താഴെ പറയുന്നവയാണ്:

11.1 *ഗവൺമെന്റ് ഓഫ് ആന്ധ്രാപ്രദേശ് v. എ.പി. ജയ്സാൾ,* (2001) 1 എസ്സിസി 748 ൽ ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു:–

"നീതിനിർവ്വഹണത്തിന്റെ മൂലക്കല്ലാണ് സ്ഥിരത. വ്യവസ്ഥയിൽ ആത്മവിശ്വാസം സൃഷ്ടിക്കുന്നത് സ്ഥിരതയാണ്, അന്തിമത എന്ന ചട്ടത്തെ മാനിക്കാതെ ഈ സ്ഥിരത ഒരിക്കലും കൈവരിക്കാൻ കഴിയില്ല. ജൂഡീഷ്യൽ പ്രഖ്യാപനങ്ങളിൽ സ്ഥിരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീസിഡെന്റ്സ് ചട്ടം, സ്റ്റേർ ഡിസിസിസ് തത്വം മുതലായവ വികസിപ്പിച്ചെടുത്തത്. ഈ ചട്ടങ്ങളും തത്വങ്ങളും പൊതുനയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്……."

മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ നികുതി കാര്യങ്ങളിൽ ഒരുപോലെ അല്ലെങ്കിൽ കൂടുതൽ അർത്ഥവത്തായതും പ്രസക്തവുമാണ്.

11.2 *യൂണിയൻ ഓഫ് ഇന്ത്യ v. രഘുബീർ സിംഗ് (ഡെഡ്) ഇടിസി,* (1989) 2 എസ്സിസി 754 കേസിലെ വിധിന്യായത്തിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് ജൂഡീഷ്യൽ തീരുമാനങ്ങളിൽ ഉറപ്പും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഗുണങ്ങളെ കുറിച്ച് വിവരിച്ചു. ഇത്

നിയമത്തിന്റെ ജൈവിക വികസനം സാധ്യമാക്കുന്നുവെന്നും വ്യക്തികൾക്ക് അവരുടെ ദൈനംദിന കാര്യങ്ങളുടെ ഭാഗമായ ഇടപാടുകളുടെ അനന്തരഫലങ്ങളിൽ ഉറപ്പു നൽകുന്നുവെന്നും വിലയിരുത്തപ്പെട്ടു. അതിനാൽ, ഒരു കോടതിയുടെ തീരുമാനത്തിൽ നിയമപരമായ തത്വങ്ങൾ പ്രസ്താവിക്കുന്നതിൽ വ്യക്തതയും സ്ഥിരതയും ആവശ്യമുണ്ടെന്ന് പ്രസ്തുത ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു.

11.3 *കെ. അജിത് ബാബു ആൻഡ് അദേർസ് v. യൂണിയൻ ഓഫ് ഇന്ത്യ ആൻഡ് അദേർസ്* (1997) 6 എസ്സിസി 473-ൽ, ജുഡീഷ്യൽ തീരുമാനങ്ങളുടെ മേഖലയിലെ സ്ഥിരത, ഉറപ്പ്, ഏകീകൃതത എന്നിവയുടെ ആവശ്യത്തെ കുറിച്ച് ഈ കോടതി വീണ്ടും ഊന്നിപ്പറഞ്ഞു, ഭാവിയിലെ പെരുമാറ്റങ്ങൾക്ക് അടിസ്ഥാനമാക്കാവുന്ന ഒരു മാതൃക ഇതിലൂടെ സ്ഥാപിക്കപ്പെടുന്നതായി നിരീക്ഷിച്ചു. നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാന തത്വങ്ങളിലൊന്ന്, സമാനമായ കേസുകൾ ഒരുപോലെ തീരുമാനിക്കപ്പെടണം എന്നതാണ്. ഗണ്യമായ ഗുണങ്ങളും സവിശേഷതകളുമുള്ള പ്രീസിഡെന്റ് സിദ്ധാന്തത്തിന്റെ അടിത്തറയാണിത്. ഉറപ്പും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്ന പ്രീസിഡെന്റ് സിദ്ധാന്തത്തിന് ഊന്നൽ നൽകേണ്ടതിനെ കുറിച്ച്, *സുന്ദർജസ് കന്യാലാൽ ഭട്ടിജ ആൻഡ് അദേർസ് v കളക്ടർ താനെ, മഹാരാഷ്ട്ര, ആൻഡ് അദേർസ്* (1989) 3 എസ്സിസി 396 കേസിലും പറയുന്നു. നിയമം കൂടുതൽ പ്രവചനീയമാക്കി മാറ്റേണ്ടത് കോടതികളുടെ കടമയാണെന്ന് അതിൽ കോടതി ആവർത്തിച്ചു. ആളുകളുടെ പെരുമാറ്റത്തിന് മാർഗനിർദേശം ആകുന്ന തരത്തിൽ നിയമം കൂടുതൽ ഫലപ്രദമാക്കണം. അല്ലാത്തപക്ഷം, അഭിഭാഷകരും സാധാരണ മനുഷ്യരും ഒരുപോലെ പ്രതിസന്ധിയിലാകും, എങ്ങനെ നിയമോപദേശം നൽകണമെന്നോ നിയമത്തിന് വിധേയമായി എങ്ങനെ പെരുമാറണമെന്നോ അറിയാനാകാത്ത സ്ഥിതിയാകും സൃഷ്ടിക്കപ്പെടുക. അത്തരമൊരു നിയമം അനുസരിക്കണോ വേണ്ടയോ എന്ന കാര്യത്തിൽ പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കരുത്.

11.4 1940 ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം "ഡോക്ടർമാർക്കുള്ള സാമ്പിളുകൾ" വിൽക്കുന്നത് നിരോധിച്ചിരിക്കുന്നതിനാൽ, അവയെ നികുതി ചുമത്താവുന്ന വസ്തുക്കളായി കണക്കാക്കാനാകുമോ എന്നതായിരുന്നു *മെഡ്ലി ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് v. കമ്മീഷണർ ഓഫ് സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ്, ദാമൻ,* (2011) 2 എസ്സിസി 6014 എന്ന കേസിൽ ഈ കോടതിയുടെ മുമ്പാകെയുള്ള ചോദ്യം. ഡോക്ടർമാർക്ക് നൽകുന്ന മെഡിക്കൽ സാധനങ്ങൾ എക്സൈസ് തീരുവയ്ക്ക് വിധേയമാണെന്ന് ഈ കോടതി സ്ഥിരമായി വിധിച്ചിട്ടുള്ളതിനാൽ, ഈ കേസിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നം റെസ് ഇന്റഗ്ര അഥവാ തീർപ്പ് ലഭിച്ചിട്ടില്ലാത്തത് അല്ലെന്ന് കോടതി നിരീക്ഷിച്ചു. *വാമൻ റാവു v. യൂണിയൻ ഓഫ് ഇന്ത്യ* (1981) 2 എസ്സിസി 362 കേസിലെ ഭരണഘടനാ ബെഞ്ചിന്റെ തീരുമാനത്തെ ആശ്രയിച്ച്, ഇപ്രകാരം വിധിച്ചു:

43. കാലത്തിന്റെ മാറ്റങ്ങളെ അതിജീവിച്ച് കൊണ്ട് നിലനിന്ന ഒരു മുൻ വിധിന്യായത്തെ അതിൽ എടുത്ത കാഴ്ചപ്പാടിന്റെ യുക്തി പരിഗണിക്കാതെ ഈ കോടതി പിന്തുടരണമെന്നത് സ്ഥാപിതമായ നിയമ തത്വമാണ്. *വാമൻ റാവു v. യൂണിയൻ ഓഫ് ഇന്ത്യ* [(1981) 2 എസ്സിസി 362]: (എസ്സിസി പി. 393, ഖണ്ഡിക 40)

> "40. സ്റ്റേർ ഡിസിസിസ് തത്വം പ്രയോഗിക്കണമെങ്കിൽ, നിലവിൽ പരിഗണിക്കപ്പെടുന്ന കേസിൽ മുന്നോട്ടുവച്ചിരിക്കുന്ന ഒരു പ്രത്യേക വാദത്തെ മുൻവിധിന്യായത്തിൽ അഥവാ ദീർഘകാലമായി നിലനിൽക്കുന്ന വിധിന്യായത്തിൽ പരിഗണിച്ച് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്തുട്ടുണ്ടാകണമെന്ന് നിർബന്ധമില്ല. അങ്ങനെയാണെങ്കിൽ, പ്രീസിഡെന്റ് തത്വം പ്രയോഗിച്ചുകൊണ്ട് മുൻ വിധിന്യായം ബാധകമാണെന്ന് കൂടുതൽ എളുപ്പത്തിൽ കണക്കാക്കാം, കൂടാതെ സ്റ്റേർ ഡെസിസിസിന്റെ തത്വം അവലംബിക്കേണ്ട ആവശ്യമില്ല. അതിനാൽ, ഏത് കാരണത്താലാണ് തീരുമാനം നിലനിൽക്കുന്നത് അല്ലെങ്കിൽ തീരുമാനത്തിന്റെ അടിസ്ഥാനം എന്താണ് എന്നതൊന്നും പരിഗണിക്കാതെ, ഉയർന്നുവന്നതോ വാദിക്കപ്പെട്ടതോ ആയ ഒരു ചോദ്യത്തിൽ ഒരു നിശ്ചിത തീരുമാനത്തിലെത്തിയിട്ടുണ്ട് എന്നതു മാത്രം സ്റ്റേർ ഡിസിസിസ് നിയമം നടപ്പിലാക്കാൻ പര്യാപ്തമാണ്.
>
> മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്റ്റേർ ഡിസിസിസ് എന്ന ചട്ടം പ്രയോഗിക്കുന്നതിന്, സ്റ്റേർ ഡിസിസിസ് ആയി പ്രവർത്തിക്കുമെന്ന് പറയപ്പെടുന്ന മുൻ തീരുമാനത്തിന്റെ യുക്തി എന്താണെന്ന് അന്വേഷിക്കുകയോ നിർണ്ണയിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല."

11.5 *സൗരാഷ്ട്ര സിമന്റ് & കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ആൻഡ് അനദർ v. യൂണിയൻ ഓഫ് ഇന്ത്യ* (2001) 1 എസ്സിസി 91 എന്ന മറ്റൊരു കേസിൽ, നികുതി വ്യവസ്ഥയിലെ നിയുക്ത നിയമനിർമ്മാണത്തിന്റെ പ്രശ്നത്തിൽ ഇടപെടാൻ കോടതി വിസമ്മതിച്ചു. പരിഗണിക്കപ്പെട്ട നിയമം, അതായത് 1957 ലെ മൈൻസ് ആൻഡ് മിനറൽസ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട് അവതരിപ്പിക്കുന്നതിന് നിയമനിർമാണ സഭയ്ക്കുള്ള അധികാരം ഒരുഘട്ടത്തിലും സംശയിക്കപ്പെട്ടിട്ടില്ലായെന്ന് കോടതി ചൂണ്ടിക്കാണിച്ചു. ഇനി എന്തു തന്നെയായാലും, ഒരു ദശാബ്ദത്തിലേറെ കാലം അത് നിയമത്തിന്റെ സ്ഥാപിതമായ നിലപാടായി നിലകൊണ്ടുവെന്നത് കണക്കിലെടുക്കണം. *സ്റ്റേറ്റ് ഓഫ് മധ്യപ്രദേശ് v. മഹാലക്ഷ്മി ഫാബ്രിക് മിൽസ് ലിമിറ്റഡ്,* 1995 സപ്ലിമെന്ററി (1) എസ്സിസി 642 ലെ വിധി പുനഃപരിശോധിക്കണമെന്ന വാദം സ്റ്റേർ ഡിസിസിസ് സിദ്ധാന്തം പ്രയോഗിച്ചുകൊണ്ട് പ്രസ്തുത വിധിയിൽ ഈ കോടതി തള്ളിക്കളഞ്ഞു. കോടതി ഇനിപ്പറയുന്ന പ്രകാരം അഭിപ്രായപ്പെട്ടു:-

"35. മുകളിൽ പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ, മേൽപ്പറഞ്ഞ സിദ്ധാന്തം അവലംബിക്കുന്നത് ഒരു അനിവാര്യതയായിരിക്കുമെന്ന് രേഖപ്പെടുത്തുന്നത് ഉചിതമാണെന്ന് ഈ കോടതികരുതുന്നു. കാരണം അനിശ്ചിതത്വവും ആശയക്കുഴപ്പവും ഒഴിവാക്കാൻ, നിയമം അടിസ്ഥാന സവിശേഷതയായി അതിന്റെ ഉറപ്പിനെ മുന്നോട്ടുവെക്കുന്നു. അതിൽ നിന്ന് എന്തെങ്കിലും വ്യതിചലനം ഉണ്ടായാൽ സമൂഹം പൂർണ്ണമായും ആശയക്കുഴപ്പത്തിലാകും. അതിന്റെ ഫലമായി നിയമപരമായ അരാജകത്വവും ജുഡീഷ്യൽ അച്ചടക്കമില്ലായ്മയും ഉണ്ടാകും – ഇത് എല്ലായ്പ്പോഴും ഒഴിവാക്കേണ്ട ഒരു സാഹചര്യമായിരിക്കും. 1957 ൽ കേന്ദ്ര നിയമനിർമാണ സഭ അവതരിപ്പിച്ച ഈ നിയമം (എംഎംആർഡി ആക്ട്) കണക്കിലെടുത്ത് നൂറുകണക്കിനോ ആയിരക്കണക്കിനോ കേസുകൾ ഇതിനകം കൈകാര്യം ചെയ്തിട്ടുണ്ട്. കൂടാതെ ഇതിന് വിരുദ്ധമായ ഒരു നിയമ തത്വം പ്രഖ്യാപിക്കുന്നതിന്റെ ഫലം റവന്യൂ നിയമശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങളെ തന്നെ ബാധിക്കുന്ന തരത്തിൽ പൂർണ്ണമായും വിനാശകരമായിരിക്കും. ഈ സിദ്ധാന്തത്തിന് നിയമാനുസൃത അംഗീകാരമില്ലെന്നത് ശരിയാണ്, പക്ഷേ അത് സൗകര്യത്തിന്റെയും, പ്രായോഗികതയുടെയും, വിവേകത്തിന്റെയും, എല്ലാറ്റിനുമുപരി പൊതുനയത്തിന്റെയും ഒരു ചട്ടമാണ്. ജനങ്ങളെ സേവിക്കുന്നതിനും നീതിയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും അതിന്റെ ലംഘനത്തിലല്ല, മറിച്ച് അതിന്റെ ആചരണത്തിലാണ് ഇത് പ്രയോഗിക്കേണ്ടത്.

12. *ഇന്ദ്ര സാഹനി v. യൂണിയൻ ഓഫ് ഇന്ത്യ 1992* സപ്ലിമെന്ററി (3) എസ്സിസി 217 എന്ന കേസിലും *കേശവ് മിൽസ് കമ്പനി ലിമിറ്റഡ് v. കമ്മീഷണർ ഓഫ് ഇൻകം ടാക്സ്, ബോംബെ നോർത്ത്, അഹമ്മദാബാദ്,* എഐആർ 1965 എസ്സി 1636 എന്ന കേസിലും സ്റ്റേർ ഡിസിസസ് തത്വത്തെ കുറിച്ച് ഭരണഘടനാ ബെഞ്ച് പറഞ്ഞിട്ടുള്ളത് ഇവിടെയും ബാധകമായിട്ടുള്ളതാണ്. *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* കേസിലെ ഈ കോടതിയുടെ വിധി കാലത്തിന്റെ പരീക്ഷണത്തെ അതിജീവിച്ചിട്ടുള്ളതാണ്, മുമ്പ് ഒരിക്കലും അത് സംശയിക്കപ്പെട്ടിട്ടില്ല. ഈതീരുമാനം ഈ കോടതിയും വിവിധ ഹൈക്കോടതികളും ട്രൈബ്യൂണലുകളും സ്ഥിരമായി പിന്തുടർന്നിട്ടുണ്ട്. അതിനാൽ, *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിലെ* വിധി പുനഃപരിശോധിക്കാൻ കൂടാതെ/അല്ലെങ്കിൽ പുനരവലോകനം നടത്താൻ റവന്യൂ വകുപ്പ് സമർപ്പിച്ചിട്ടുള്ള അഭ്യർത്ഥന അംഗീകരിക്കപ്പെട്ടാൽ, *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* കേസിലെ ഈ കോടതിയുടെ തീരുമാനത്തെ ആശ്രയിച്ച് അല്ലെങ്കിൽ അതിനെ പിന്തുടർന്ന് അനുകൂല വിധി ലഭിച്ചിട്ടുള്ള നിരവധി നികുതിദായകരെ അത് ബാധിക്കും, കൂടാതെ 2015 മുതൽ സ്ഥിരമായി പിന്തുടരുന്ന നിയമത്തെ അത് അസ്വസ്ഥമാക്കുകയും ചെയ്യും. പരസ്പരവിരുദ്ധമായ ഉത്തരവുകൾ ഉണ്ടാകാനുള്ള എല്ലാ സാധ്യതകളും അതിലുണ്ട്. അതിനാൽ, ഏകദേശം ഏഴ് വർഷം പിന്നിട്ടിരിക്കുന്നുവെന്നതിനാലും ഇപ്പോൾ ഈ കോടതിയുടെ മുമ്പാകെ വാദിക്കുന്ന കാരണങ്ങളാൽ പ്രസ്തുത വിധി പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് ഒരു പുനഃപരിശോധനാ

അപേക്ഷയും ഫയൽ ചെയ്യാൻ ഒരിക്കലും ശ്രമിച്ചിട്ടില്ലാത്ത സാഹചര്യത്തിലും *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* കേസിലെ ഈ കോടതിയുടെ വിധി പുനഃപരിശോധിക്കേണ്ടതില്ല, അല്ലെങ്കിൽ ഈ കോടതിയുടെ ഒരു വലിയ ബെഞ്ചിലേക്ക് റഫർ ചെയ്യേണ്ട ആവശ്യമില്ല.

13. (2013) 32 എസ്ടിആർ 673 (ഡെൽഹി) എന്ന നിലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട *ജി.ഡി. ബിൽഡേർസ് V. യൂണിയൻ ഓഫ് ഇന്ത്യ* കേസിൽ ഡെൽഹി ഹൈക്കോടതി നൽകിയ തീരുമാനത്തെ ചോദ്യം ചെയ്ത് മെസ്സേഴ്സ് ജി.ഡി. ബിൽഡേഴ്സ് ഫയൽ ചെയ്ത 2014 ലെ സിവിൽ അപ്പീൽ നമ്പർ 6523 ആണ് അപ്പീലുകളിൽ ഒന്ന് എന്നത് ഈ ഘട്ടത്തിൽ ശ്രദ്ധിക്കേണ്ടതാണ്. *ജി.ഡി. ബിൽഡേഴ്സ്* (മേൽ പരാമർശം) കേസിലെ ഡൽഹി ഹൈക്കോടതിയുടെ ഈ തീരുമാനം *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡ്* (മേൽ പരാമർശം)കേസിൽ ഈ കോടതി പ്രത്യേകമായി മറികടന്നിട്ടുണ്ട്. *ജി.ഡി. ബിൽഡേഴ്സ്* (മേൽ പരാമർശം) കേസിൽ ഡൽഹി ഹൈക്കോടതി നൽകിയ തീരുമാനം *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* (മേൽ പരാമർശം) കേസിലെ വിധിന്യായത്തിന്റെ 28, 29, 30, 32, 33, 38, 39 ഖണ്ഡികകളിൽ ഈ കോടതി പരിഗണിക്കുകയും, വാസ്തവത്തിൽ വിധിന്യായങ്ങളുടെ നീണ്ട പരമ്പരയ്ക്ക് വിരുദ്ധമാണ് ജി.ഡി. ബിൽഡേഴ്സ് (മേൽ പരാമർശം) കേസിൽ ഡൽഹി ഹൈക്കോടതി നൽകിയ വിധിയെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അവിഭാജ്യ പ്രവൃത്തി കരാറുകളിൽ സേവന നികുതി ചുമത്തുന്നതിനും കണക്കാക്കുന്നതിനുമുള്ള ചാർജ്ജും സംവിധാനവും 1994 ലെ ധനകാര്യ നിയമത്തിൽ അടങ്ങിയിരിക്കുന്നു എന്ന നിഗമനത്തിൽ *ജി.ഡി. ബിൽഡേഴ്സിന്റെ* (മേൽ പരാമർശം) കേസിൽ ഡൽഹി ഹൈക്കോടതി എത്തിയത് പൂർണ്ണമായും തെറ്റാണെന്ന് ഈ കോടതി പ്രത്യേകം നിരീക്ഷിക്കുകയും വിധിക്കുകയും ചെയ്തു. *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* (മേൽ പരാമർശം) കേസിലെ വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6523 ആയി മെസ്സേഴ്സ് ജി.ഡി. ബിൽഡേഴ്സ് സമർപ്പിച്ച അപ്പീലിന്റെ പേപ്പറുകളും കോടതി വിളിച്ചുവരുത്തിയെന്നും *ജി.ഡി. ബിൽഡേഴ്സിന്റെ* (മേൽ പരാമർശം) അഭിഭാഷകന്റെ വാദവും കോടതി കേട്ടുവെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, ഡൽഹി ഹൈക്കോടതിയുടെ തീരുമാനത്തിനെതിരെ മെസ്സേഴ്സ് ജി.ഡി. ബിൽഡേഴ്സ് സമർപ്പിച്ച 2014-ലെ സിവിൽ അപ്പീൽ നമ്പർ 6523-ൽ പ്രത്യേകമായി തീർപ്പാക്കിയിട്ടില്ലെന്ന് കാണാവുന്നതാണ്. അതിനാൽ, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6523 ലെ വിഷയമായ, *ജി.ഡി. ബിൽഡേഴ്സിന്റെ (മേൽ പരാമർശം)* കേസിൽ ഡൽഹി ഹൈക്കോടതിയുടെ വിധിന്യായം പൂർണ്ണമായും തെറ്റാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ, മെസ്സേഴ്സ് ജി.ഡി. ബിൽഡേഴ്സ് ഫയൽ ചെയ്ത 2014 ലെ സിവിൽ അപ്പീൽ നമ്പർ 6523 അനുവദിക്കുകയും ഡൽഹി ഹൈക്കോടതി പുറപ്പെടുവിച്ച വിധിയും ഉത്തരവും റദ്ദാക്കുകയും തള്ളിക്കളയുകയും ചെയ്യേണ്ടതാണ്.

13.1 ഇപ്പോൾ, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6525, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6526, 2022 ലെ സിവിൽ അപ്പീൽ നമ്പർ 2666 എന്നിവയെ സംബന്ധിച്ചിടത്തോളം, അതുമായി

ബന്ധപ്പെട്ട നികുതിദാതാക്കൾ സമർപ്പിച്ച റിട്ട് ഹർജികൾ ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുള്ളത് *ജി.ഡി. ബിൽഡേഴ്സിന്റെ* (മേൽ പരാമർശം) കേസിൽ നേരത്തെ നൽകിയ തീരുമാനത്തെ അടിസ്ഥാനമാക്കിയാണ്. *ജി.ഡി. ബിൽഡേഴ്സിന്റെ* (മേൽ പരാമർശം) കേസിലെ ഡൽഹി ഹൈക്കോടതിയുടെ തീരുമാനം പൂർണ്ണമായും തെറ്റാണെന്ന് *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡിന്റെ* (മേൽ പരാമർശം) കേസിൽ ഈ കോടതി വ്യക്തമാക്കിയതോടെ, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6525, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6526, 2022 ലെ സിവിൽ അപ്പീൽ നമ്പർ 2666 എന്നിവയും അനുവദിക്കപ്പെടേണ്ടതായി മാറുന്നു.

13.2 ഇനി മെസ്സേഴ്സ് ടോട്ടൽ എൻവയോൺമെന്റ് ബിൽഡിംഗ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് നൽകിയിട്ടുള്ള 2013 ലെ 8673-8684 നമ്പറുകളിലുള്ള സിവിൽ അപ്പീലുകൾ പരിഗണിക്കാം. 2009 ലെ 3481-3492 നമ്പറുകളിലുള്ള റിട്ട് അപ്പീലുകളിൽ കർണാടക ഹൈക്കോടതി പുറപ്പെടുവിച്ച വിധിക്കും ഉത്തരവിനും എതിരായാണ് ഇവ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. സേവന നികുതി ചുമത്തിക്കൊണ്ടുള്ള മൂല്യനിർണയ ഉത്തരവുകളെ ചോദ്യം ചെയ്ത് നികുതിദാതാവായ അപ്പീൽവാദി നൽകിയ റിട്ട് ഹർജികൾ, നിയമാനുസൃത അപ്പീലുകളുടെ രൂപത്തിൽ ബദൽ മാർഗങ്ങൾ ലഭ്യമാണെന്ന കാരണത്താൽ തള്ളിയ സിംഗിൾ ജഡ്ജിയുടെ ഉത്തരവ് അപവാദിത വിധിയിൽ ഡിവിഷൻ ബെഞ്ച് സ്ഥിരീകരിക്കുകയും മേൽപ്പറഞ്ഞ റിട്ട് അപ്പീലുകൾ തള്ളുകയും ചെയ്തു. എന്നിരുന്നാലും, *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡിന്റെ* (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ ബാധകമായ തീരുമാനം കണക്കിലെടുക്കുമ്പോൾ, അവിഭാജ്യ/സംയോജിത പ്രവൃത്തി കരാറുകൾ സംബന്ധിച്ച വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട തീയതി വരെയുള്ള സേവന നികുതി അടയ്ക്കാൻ നികുതിദാതാവ് ബാധ്യസ്ഥനല്ല, അതിനാൽ, പ്രസ്തുത അപ്പീലുകളും അനുവദിക്കപ്പെടാൻ അർഹമാണ്, കൂടാതെ സേവന നികുതി ചുമത്തുന്ന മൂല്യനിർണയ ഉത്തരവുകൾ റദ്ദാക്കുകയും വേണം.

13.3 2007 ലെ ധനകാര്യ നിയമത്തിനു മുമ്പുള്ള കാലയളവിലെ അവിഭാജ്യ/സംയോജിത പ്രവൃത്തി കരാറുകളുടെ സേവന നികുതി ചുമത്താൻ പാടില്ലായെന്ന് *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ്* (മേൽ പരാമർശം) കേസിൽ ഈ കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാണ് എന്നതിനാൽ, ഉവാഹത്തി ഹൈക്കോടതി പാസാക്കിയ പൊതു വിധിന്യായത്തിൽ നിന്നും ഉത്തരവിൽ നിന്നും അതത് നികുതിദാതാക്കൾക്ക് എതിരേ പാസാക്കപ്പെട്ട സിഇഎസ്ടിഎടി തീരുമാനങ്ങളിൽ നിന്നും ഉടലെടുത്ത 2014-ലെ സിവിൽ അപ്പീൽ നമ്പർ 4547-4548, 2022-ലെ സിവിൽ അപ്പീൽ നമ്പർ 2667, 2022-ലെ സിവിൽ അപ്പീൽ നമ്പർ 2668 എന്നിവയും അനുവദിക്കേണ്ടതാണ്.

13.4 ഇപ്പോൾ, 2006 ലെ അപ്പീൽ നമ്പർ എസ്ടി/275 ൽ സിഇഎസ്ടിഎടി വെസ്റ്റ് സോണൽ ബെഞ്ച് പുറപ്പെടുവിച്ച വിധിക്കും ഉത്തരവിനുമെതിരെ റവന്യൂ സമർപ്പിച്ച 2010 ലെ

സിവിൽ അപ്പീൽ നമ്പർ 6792-നെ സംബന്ധിച്ചിടത്തോളം, ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡ് (മേൽ പരാമർശം) കേസിൽ ഈ കോടതി നൽകിയിട്ടുള്ള ബാധകമായ തീരുമാനം കണക്കിലെടുത്ത്, അത് തള്ളിക്കളയാൻ അർഹമാണ്.

14. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, മുകളിൽ പറഞ്ഞ കാരണങ്ങളുടെ അടിസ്ഥാനത്തിൽ, 2013 ലെ സിവിൽ അപ്പീൽ നമ്പർ 8673-8684, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6525, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6523, 2014 ലെ സിവിൽ അപ്പീൽ നമ്പർ 6526, 2022 ലെ സിവിൽ അപ്പീൽ നമ്പർ 2666, 2014 ലെ സിവിൽ അപ്പീൽ നമ്പർ 4547-4548, 2022 ലെ സിവിൽ അപ്പീൽ നമ്പർ 2667, 2022 ലെ സിവിൽ അപ്പീൽ നമ്പർ 2668 എന്നീ സിവിൽ അപ്പീലുകൾ ഇതിനാൽ അനുവദിക്കുകയും 2007 ലെ ധനകാര്യ നിയമത്തിന് മുമ്പുള്ള കാലയളവിലെ, അവിഭാജ്യ/സംയോജിത പ്രവൃത്തി കരാറുകളുടെ സേവന നികുതി അടയ്ക്കുന്നതിന് നിർദേശിച്ച് അതത് ഹൈക്കോടതികൾ/ട്രൈബ്യൂണലുകൾ പുറപ്പെടുവിച്ച അപവാദിത വിധിന്യായങ്ങളും ഉത്തരവുകളും ഇതിനാൽ റദ്ദാക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. തൽഫലമായി, 2007-ന് മുമ്പുള്ള കാലയളവിലേക്ക് അവിഭാജ്യ/സംയോജിത പ്രവൃത്തി കരാറുകളിൽ അതത് നികുതിദാതാക്കൾക്കു മേൽ സേവന നികുതി ചുമത്തുന്ന അതാത് മൂല്യനിർണയ ഉത്തരവുകൾ അല്ലെങ്കിൽ ഉത്തരവുകൾ ഇതിനാൽ റദ്ദാക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. അതിന്റെ അനന്തരഫലങ്ങളായുള്ള നടപടികളും തുടർന്നുണ്ടാകും.

2010 ലെ സിവിൽ അപ്പീൽ നമ്പർ 6792 ഇതിനാൽ തള്ളിക്കളയുന്നു.

കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത്, ചെലവുകൾ സംബന്ധിച്ച ഒരു ഉത്തരവും ഉണ്ടായിരിക്കില്ല.

കുറിപ്പ് :- എന്റെ സഹോദരി ജസ്റ്റിസ് ബി.വി. നാഗരത്ന മുന്നോട്ടുവെക്കുന്ന അനുബന്ധ വിധിന്യായവും ഉത്തരവും പരിശോധിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഈ വിധിന്യായത്തിലും ഉത്തരവിലും ഞാൻ എത്തിച്ചേർന്ന നിഗമനങ്ങളോട് ഹെർ ലേഡിഷിപ്പ് യോജിക്കുന്നു, എന്നിരുന്നാലും നിഗമനങ്ങൾക്ക് കൂടുതൽ കാരണങ്ങൾ നൽകുന്നത് ഉചിതമാണെന്ന് അവർ കരുതുന്നു. കൂടാതെ ശ്രീ മാധവി ദിവാൻ ഉന്നയിച്ച വാദങ്ങൾ മെറിറ്റിൽ കൈകാര്യം ചെയ്യാനും ശ്രമിച്ചിരിക്കുന്നു. എന്നിരുന്നാലും, *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിന്റെ* (മേൽ പരാമർശം) കേസിലെ തീരുമാനം പുനഃപരിശോധിക്കുന്നതിന് എഎസ്ജി ശ്രീമതി ദിവാൻ നടത്തിയ അഭ്യർത്ഥനയോട്, മുകളിൽ പറഞ്ഞ കാരണങ്ങളാൽ സ്റ്റേർ ഡിസിസിസ് തത്വവും സ്ഥിരതയുടെ തത്വവും കണക്കിലെടുത്ത് ഈ കോടതി യോജിക്കുന്നില്ലാ എങ്കിൽ, വാദങ്ങളുടെ മെറിറ്റിനെ കുറിച്ച് കൂടുതൽ ആലോചിക്കാതിരിക്കുന്നത് ഉചിതമാകുമെന്ന് ഞാൻ കരുതുന്നു. മുകളിൽ നിരീക്ഷിച്ചതുപോലെ, നിലവിലെ കേസിൽ ഉൾപ്പെട്ടിരിക്കുന്ന വിഷയം *ലാർസൻ ആൻഡ് ട്യൂബ്രോ*

ലിമിറ്റഡിന്റെ (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ തീരുമാനത്താൽ പൂർണ്ണമായും ഉൾക്കൊള്ളുന്നു, ഇത് പിന്നീട് ഈ കോടതിയും വിവിധ ഹൈക്കോടതികളും ട്രൈബ്യൂണലുകളും പിന്തുടർന്നുവരുന്നു.

ബി. വി. നാഗരത്ന

ഹിസ് ലോഡ്ഷിപ്പ് ജസ്റ്റിസ് എം.ആർ. ഷാ മുന്നോട്ടുവെച്ച വിധിന്യായം പരിശോധിക്കാനുള്ള അവസരം എനിക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹം എത്തിച്ചേർന്ന നിഗമനങ്ങളോട് ഞാൻ യോജിക്കുന്നുണ്ടെങ്കിലും, നിഗമനങ്ങൾക്കു ചില കാരണങ്ങൾ കൂടി ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(2) ഇതിനകം പറഞ്ഞതുപോലെ, " പ്രവൃത്തി കരാർ" എന്ന പ്രയോഗത്തിന് നിർവചനം നൽകുന്ന വകുപ്പ് 65(105)(zzzza) അവതരിപ്പിക്കുന്നതിനായി 2007 ൽ 1994-ലെ ധനകാര്യ നിയമം ഭേദഗതി ചെയ്യുന്നതിന് മുമ്പ്, സംയോജിത പ്രവൃത്തി കരാറുകളിൽ സേവന നികുതി ചുമത്താൻ കഴിയുമോ. എന്നതാണ് ഈ അപ്പീലുകളിൽ ഉൾപ്പെട്ടിരിക്കുന്ന ചോദ്യം.

(3) ജസ്റ്റിസ് എം.ആർ. ഷാ നിർദ്ദേശിച്ച വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, പരിഗണനയിലുള്ള ഓരോ കേസുകളുടെയും വിശദാംശങ്ങൾ വിവരിക്കേണ്ടത് അത്യാവശ്യമല്ലെങ്കിലും, റവന്യൂ വകുപ്പിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീമതി മാധവി ദിവാൻ നടത്തിയ പ്രധാന സബ്മിഷന് വിശദമായ ന്യായവാദത്തോടെ ഉത്തരം നൽകേണ്ടതുണ്ട്. *കമ്മീഷണർ, സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ്, കേരളം v. ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡ്* [(2016) 1 എസ്സിസി 170] (ഇനി മുതൽ "*ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്*" എന്ന് പരാമർശിക്കുന്നു) കേസിലെ ഈ കോടതിയുടെ വിധിയിൽ പുനഃപരിശോധന ആവശ്യമാണെന്ന് അവർ വാദിച്ചു. 1994 ലെ ധനകാര്യ നിയമത്തിൽ 2007 ൽ വരുത്തിയ ഭേദഗതിക്ക് മുമ്പ് സംയോജിത പ്രവൃത്തി കരാറുകൾക്കു മേൽ സേവന നികുതി ചുമത്താൻ പാടില്ലായിരുന്നുവെന്ന് പ്രസ്തുത കേസിൽ വിധിച്ചിരുന്നു. എന്നാൽ, വാസ്തവത്തിൽ, അതിനു മുമ്പുതന്നെ അത്തരത്തിൽ സേവന നികുതി ചുമത്താൻ കഴിയുമായിരുന്നുവെന്നും 2007 ൽ വകുപ്പ് 65(105)(zzzza) ഉൾപ്പെടുത്തി 1994 ലെ ധനകാര്യ നിയമത്തിൽ വരുത്തിയ ഭേദഗതി വ്യക്തമാക്കലിന്റെ സ്വഭാവമുള്ളതാണെന്നും ശ്രീമതി ദിവാൻ വാദിക്കുന്നു. അതിനാൽ, *ലാർസൻ ആൻഡ് ട്യൂബ്രോ ലിമിറ്റഡിലെ* (മേൽ പരാമർശം) വിധി പുനഃപരിശോധിക്കണമെന്ന് അവർ ആവശ്യപ്പെടുന്നു.

(4) ചില നികുതിദാതാക്കൾക്കായി ഹാജരായ ശ്രീ അരവിന്ദ് പി. ദത്തറും മറ്റ് ചില നികുതിദാതാക്കൾക്ക് വേണ്ടി ഹാജരായി മറ്റ് മുതിർന്ന അഭിഭാഷകരും ഇതിന് വിപരീതമായി, *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ്* (മേൽ പരാമർശം) കേസിലെ വിധി പുനഃപരിശോധിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെടുന്നു. കൂടാതെ പ്രസ്തുത വിധിന്യായത്തിൽ, *ജി.ഡി. ബിൽഡേഴ്സ് v. യൂണിയൻ ഓഫ് ഇന്ത്യ* [(2013) 32 എസ്ടിആർ 673] കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധി ശരിയായതല്ലെന്ന് അഭിപ്രായപ്പെടുകയും അതിനാൽ അതിനെ മറികടക്കുകയും ചെയ്തിട്ടുണ്ട്.

(5) മുകളിൽ പറഞ്ഞ എതിർ വാദങ്ങൾ പരിഗണിക്കുന്നതിനുമുമ്പ്, വിൽപ്പന നികുതി നിയമത്തിന്റെ പശ്ചാത്തലത്തിലും സേവന നികുതി വ്യവസ്ഥക്കു കീഴിലും വർക്ക് കോൺട്രാക്ട് അഥവാ പ്രവൃത്തി കരാർ എന്ന പദപ്രയോഗത്തിന്റെ പരിണാമം, അർത്ഥം, ഉള്ളടക്കം എന്നിവ ചർച്ച ചെയ്യുന്നത് ഉപയോഗപ്രദമാകും. പ്രവൃത്തി കരാർ എന്നതിന്റെ നിർവചനം 2007 ജൂൺ 1 മുതലുള്ള പ്രാബല്യത്തിൽ 1994 ലെ ധനകാര്യ നിയമത്തിൽ കൂട്ടിച്ചേർക്കുകയും പ്രവൃത്തി കരാറുകളുടെ സേവന വശത്തിന് സേവന നികുതി ചുമത്തുകയും ചെയ്തതുമായി ബന്ധപ്പെട്ടാണ് ഇത് പരിശോധിക്കുന്നത്. പ്രവൃത്തി കരാറുകൾ എന്ന നിലയിൽ അതിന് നികുതി നൽകേണ്ടതല്ല എന്നതാണ് ഈ പരിശോധനയുടെ കാരണം. ഭേദഗതി പ്രകാരം നിർവചിച്ചിരിക്കുന്ന ഒരു പ്രവൃത്തി കരാറിന് രണ്ട് ഘടകങ്ങളുണ്ട്, അതായത്, ഒരു വിൽപ്പന ഘടകവും ഒരു സേവന ഘടകവും. രണ്ട് ഘടകങ്ങളും തുപ്തികരമായി ഉണ്ടായിരിക്കുകയും ഒരുമിച്ച് നിലനിൽക്കുകയും ചെയ്യുമ്പോൾ മാത്രമേ ഒരു കരാർ നിർവചന പ്രകാരമുള്ള ഒരു പ്രവൃത്തി കരാറായി മാറുകയുള്ളൂ. കൂടാതെ, പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന് മാത്രമാണ് 2007 ജൂൺ 1 മുതൽ സേവന നികുതി ചുമത്തിയിട്ടുള്ളത്. ഒരു പ്രവൃത്തി കരാറിലെ വിൽപ്പന ഘടകത്തെ സംബന്ധിച്ചിടത്തോളം, അതത് സംസ്ഥാനങ്ങളുടെ വിൽപ്പന നികുതി നിയമങ്ങൾ ബാധകമാകും. 2017 ലെ കേന്ദ്ര ചരക്ക് സേവന നികുതി നിയമം (സിജിഎസ്ടി) നടപ്പിലാക്കിയ ശേഷം വിഷയം ആ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് പ്രസ്താവിക്കേണ്ടതുണ്ട്. അതിനാൽ, നിലവിലെ സാഹചര്യത്തിൽ എതിർ വാദങ്ങൾക്ക് ഉത്തരം നൽകുന്നതിന്, മുൻകാല ജുഡീഷ്യൽ നടപടികളിൽ നിന്ന് നിന്ന് പ്രവൃത്തി കരാറിന്റെ അർത്ഥം മനസിലാക്കേണ്ടതുണ്ട്.

2007 ലെ ധനകാര്യ നിയമം ഭേദഗതി ചെയ്ത 1994 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65(105)(zzzza) പ്രകാരം പ്രവൃത്തി കരാറിന് നൽകിയിട്ടുള്ള നിർവചനം താഴെ എടുത്തുനൽകിയിരിക്കുന്നു:

> "'പ്രവൃത്തി കരാർ' എന്നാൽ ഇനിപ്പറയുന്ന തരത്തിലുള്ള ഒരു കരാർ എന്നാണ് അർത്ഥമാക്കുന്നത്–

അത്തരംകരാർ നടപ്പിലാക്കുന്നതിൽ ചരക്കുകളുടെ രൂപത്തിലുള്ള സ്വത്ത് കൈമാറ്റം ഉൾപ്പെട്ടിരിക്കുകയും അതിന് ചരക്കു വിൽപ്പനയ്ക്കായുള്ള നികുതി ബാധകമായിരിക്കുകയും ചെയ്യും, കൂടാതെ

(ii) അത്തരം കരാർ ഇനിപ്പറയുന്നവ ഏതെങ്കിലും നടപ്പാക്കാനുള്ളതാകണം

(എ) പ്രീ-ഫാബ്രിക്കേറ്റഡ് ആയതോ അല്ലാത്തതോ ആയ പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ ഘടനകൾ എന്നിവയുടെ നിർമാണം, കമ്മീഷൻ ചെയ്യൽ അല്ലെങ്കിൽ സ്ഥാപിക്കൽ; ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സ്ഥാപിക്കൽ; പ്ലംബിംഗ്, ഡ്രെയിൻ ലേയിംഗ് അല്ലെങ്കിൽ ദ്രാവകങ്ങൾ കൊണ്ടുപോകുന്നതിനുള്ള മറ്റ് ഇൻസ്റ്റാളേഷനുകൾ; ഹീറ്റിംഗ്, വെന്റിലേഷൻ അല്ലെങ്കിൽ എയർ കണ്ടീഷനിംഗ് എന്നിവ അവയുടെ അനുബന്ധ പൈപ്പ് വർക്ക് ഉൾപ്പടെ; ഡക്ക്ട് വർക്ക്, ഷീറ്റ് മെറ്റൽ വർക്ക്, തെർമൽ ഇൻസുലേഷൻ, സൗണ്ട് ഇൻസുലേഷൻ, ഫയർ പ്രൂഫിംഗ് അല്ലെങ്കിൽ വാട്ടർ പ്രൂഫിംഗ്, ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ എസ്കേപ്പ് സ്റ്റെയർകെയ്സുകൾ അല്ലെങ്കിൽ എലവേറ്ററുകൾ; അല്ലെങ്കിൽ

(ബി) പ്രധാനമായും വാണിജ്യത്തിനോ വ്യവസായത്തിനോ വേണ്ടി ഒരു പുതിയ കെട്ടിടത്തിന്റെയോ സിവിൽ ഘടനയുടെയോ അതിന്റെ ഒരു ഭാഗത്തിന്റെയോ അല്ലെങ്കിൽ പൈപ്പ്ലൈനിന്റെയോ ചാലകത്തിന്റെയോ നിർമ്മാണം; അല്ലെങ്കിൽ

(സി) ഒരു പുതിയ റെസിഡൻഷ്യൽ കോംപ്ലക്സിന്റെയോ അതിന്റെ ഒരു ഭാഗത്തിന്റെയോ നിർമ്മാണം; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ (എ) (ബി) (സി) എന്നിവയുമായി ബന്ധപ്പെട്ട് സേവനങ്ങൾ, നന്നാക്കൽ, മാറ്റം വരുത്തൽ, നവീകരണം അല്ലെങ്കിൽ പുനഃസ്ഥാപനം അല്ലെങ്കിൽ സമാനമായ സേവനങ്ങൾ എന്നിവയുടെ പൂർത്തികരണവും അവസാനിപ്പിക്കലും; അല്ലെങ്കിൽ

(ഇ) എഞ്ചിനീയറിംഗ്, സംഭരണം, നിർമ്മാണം അല്ലെങ്കിൽ കമ്മീഷൻ ചെയ്യൽ (ഇപിസി) പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ടേൺകീ പ്രോജക്ടുകൾ."

മുകളിൽ പറഞ്ഞ നിർവചനം വായിക്കുമ്പോൾ, പ്രവൃത്തി കരാറിന് സേവന നികുതി ചുമത്തുന്നതിന് മുമ്പ് രണ്ട് ആവശ്യകതകൾ പാലിക്കപ്പെടേണ്ടതുണ്ടെന്ന് വ്യക്തമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ,ഒരു കരാർ പ്രവൃത്തി കരാറാകണമെങ്കിൽ ഒരു കരാർ ഇനിപ്പറയുന്നവ ഉൾപ്പെടുന്നതാകണം:

" (i) അത്തരംകരാർ നടപ്പിലാക്കുന്നതിൽ ചരക്കുകളുടെ രൂപത്തിലുള്ള സ്വത്ത് കൈമാറ്റം ഉൾപ്പെട്ടിരിക്കണം, അതിന് ചരക്കു വിൽപ്പനയ്ക്കായുള്ള നികുതി ബാധകമാണ് , **കൂടാതെ**

(ii) അത്തരം കരാർ ഇനിപ്പറയുന്നവ ഏതെങ്കിലും നടപ്പാക്കാനുള്ളതാകണം

(എ) പ്രീ-ഫാബ്രിക്കേറ്റഡ് ആയതോ അല്ലാത്തതോ ആയ പ്ലാന്റ്, യന്ത്രങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ ഘടനകൾ എന്നിവയുടെ നിർമാണം, കമ്മീഷൻ ചെയ്യൽ അല്ലെങ്കിൽ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സ്ഥാപിക്കൽ, പ്ലംബിംഗ്, ഡ്രെയിൻ ലേയിംഗ് അല്ലെങ്കിൽ ദ്രാവകങ്ങൾ കൊണ്ടുപോകുന്നതിനുള്ള മറ്റ് ഇൻസ്റ്റാളേഷനുകൾ, ഹീറ്റിംഗ്, വെന്റിലേഷൻ അല്ലെങ്കിൽ എയർ കണ്ടീഷനിംഗ് എന്നിവ അവയുടെ അനുബന്ധ പൈപ്പ് വർക്ക് ഉൾപ്പടെ, ഡക്ട് വർക്ക്, ഷീറ്റ് മെറ്റൽ വർക്ക്, തെർമൽ ഇൻസുലേഷൻ, സൗണ്ട് ഇൻസുലേഷൻ, ഫയർ പ്രൂഫിംഗ് അല്ലെങ്കിൽ വാട്ടർ പ്രൂഫിംഗ്, ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ എസ്കേപ്പ് സ്റ്റെയർകെയ്സുകൾ അല്ലെങ്കിൽ എലവേറ്ററുകൾ; അല്ലെങ്കിൽ

(ബി) പ്രധാനമായും വാണിജ്യത്തിനോ വ്യവസായത്തിനോ വേണ്ടി ഒരു പുതിയ കെട്ടിടത്തിന്റെയോ സിവിൽ ഘടനയുടെയോ അതിന്റെ ഒരു ഭാഗത്തിന്റെയോ അല്ലെങ്കിൽ പൈപ്പ്ലൈനിന്റെയോ ചാലകത്തിന്റെയോ നിർമ്മാണം; അല്ലെങ്കിൽ

(സി) ഒരു പുതിയ റെസിഡൻഷ്യൽ കോംപ്ലക്സിന്റെയോ അതിന്റെ ഒരു ഭാഗത്തിന്റെയോ നിർമ്മാണം; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ (എ) (ബി) (സി) എന്നിവയുമായി ബന്ധപ്പെട്ട് സേവനങ്ങൾ, നന്നാക്കൽ, മാറ്റം വരുത്തൽ, നവീകരണം അല്ലെങ്കിൽ പുനഃസ്ഥാപനം അല്ലെങ്കിൽ സമാനമായ സേവനങ്ങൾ എന്നിവയുടെ പൂർത്തികരണവും അവസാനിപ്പിക്കലും; അല്ലെങ്കിൽ

(ഇ) എഞ്ചിനീയറിംഗ്, സംഭരണം, നിർമ്മാണം അല്ലെങ്കിൽ കമ്മീഷൻ ചെയ്യൽ (ഇപിസി) പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ടേൺകീ പ്രോജക്ടുകൾ."

അപ്പോൾ പ്രവൃത്തി കരാറിന് രണ്ട് അവശ്യ ഘടകങ്ങളുണ്ട്: ഒന്നാമതായി, വിൽപ്പന നികുതിയോ മൂല്യവർധിത നികുതിയോ (വാറ്റ്) ബാധകമാകുന്ന തരത്തിൽ അത്തരം കരാറുകളുടെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ചരക്ക് വിൽപ്പന; ചരക്ക് സേവന നികുതി വ്യവസ്ഥ നടപ്പിലാക്കുന്നതിന് മുമ്പുള്ള കാര്യമാണിത്. രണ്ടാമതായി, 2007 ൽ ഭേദഗതി ചെയ്ത 1994 ലെ ധനകാര്യ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സേവന നികുതി ബാധകമാകുന്നതും പ്രവൃത്തി

കരാറിന്റെ നിർവചനത്തിലെ ഖണ്ഡം (ii)(എ)-(ഇ)-യിൽ വ്യക്തമാക്കിയിട്ടുള്ള തരത്തിലുള്ളതുമായ സേവന ഘടകം. മുകളിൽ പറഞ്ഞ രണ്ട് ആവശ്യകതകളും നിലവിലുണ്ടെങ്കിൽ, പ്രവൃത്തി കരാറിലെ സേവന ഘടകത്തിനു മേൽ സേവന നികുതി ചുമത്താവുന്നതാണ്. 2007-ലെ ഭേദഗതി ചെയ്തതു പ്രകാരമുള്ള, 1994-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65-ലെ ക്ലോസ് (zzzza) പ്രകാരം, പ്രവൃത്തി കരാറിന്റെ നിർവചനത്തിലെ (i)-ഉം (ii)-ഉം ഘടകങ്ങൾക്കിടയിൽ "കൂടാതെ (and-ആൻഡ്)" എന്ന പദം ഉപയോഗിക്കുന്നതിൽ നിന്ന് ഇത് വ്യക്തമാണ്. അതിനാൽ, വിൽപ്പനയുടെ ഒരു ഘടകവും സേവനത്തിന്റെ ഒരു ഘടകവും അടങ്ങുന്ന ഒരു സംയോജിത പ്രവൃത്തി കരാറിനെക്കുറിച്ചാണ് നിർവചനം സംസാരിക്കുന്നത്.

പ്രവൃത്തി കരാർ എന്നതിന്റെ നിർദ്ദിഷ്ട നിർവചനം 2007 ജൂൺ 1 മുതൽ 1994 ലെ ധനകാര്യ നിയമത്തിൽ അവതരിപ്പിച്ചിട്ടുള്ളത് കണക്കിലെടുക്കുമ്പോഴും, ഒരു പ്രവൃത്തി കരാറിലെ സേവന ഘടകത്തിന് സേവന നികുതി ചുമത്തുന്നതിന് മുമ്പായി നിർവചനത്തിന്റെ (i)ഉം (ii)ഉം ഖണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്നത് മനസിൽ വെക്കുമ്പോഴും, പ്രവൃത്തി കരാറിനുള്ള നിർവചനത്തിന്റെ ഖണ്ഡം (i)-ൽ വരുന്ന "ചരക്കുകളിലൂടെയുള്ള സ്വത്ത് കൈമാറ്റം" എന്ന പദപ്രയോഗത്തിന്റെ വ്യാപ്തിയും പരിധിയും ഈ കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ നിന്ന് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. കൂടാതെ, അത്തരം കരാറുകളുടെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന അത്തരം ചരക്ക് കൈമാറ്റങ്ങൾക്ക് വിൽപ്പന നികുതി/വാറ്റ് ചുമത്താനും പ്രവൃത്തി കരാറിന്റെ നിർവചനത്തിന്റെ ഖണ്ഡം (ii)ൽ വ്യക്തമാക്കിയിരിക്കുന്നതു പോലുള്ള ഘടകത്തിന് സേവന നികുതി ചുമത്താനും കഴിയും.

പ്രവൃത്തി കരാർ എന്ന ആശയത്തിന്റെ പരിണാമം താഴെ കൊടുത്തിരിക്കുന്നു, കാരണം അത്തരം കരാറിൽ ഉൾപ്പെട്ടിട്ടുള്ള സേവന ഘടകത്തിലാണ് സേവന നികുതി ബാധകമാക്കുന്നതാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വിൽപ്പന നികുതി നിയമത്തിനു കീഴിൽ പ്രവൃത്തി കരാറുകളുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള വിധിന്യായങ്ങളെക്കുറിച്ചുള്ള പരിശോധന ഇവിടെ പ്രസക്തമായിരിക്കും.

എ. ഭരണഘടനയുടെ 46-ാം ഭേദഗതിക്ക് മുമ്പ്, ഒരു പ്രവൃത്തി കരാർ നടപ്പിലാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ചരക്ക് വിൽപ്പനകൾക്ക് വിൽപ്പന നികുതി ചുമത്തുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് *ഗാനോൺ ഡങ്കർലി (I) - സ്റ്റേറ്റ് ഓഫ് മദ്രാസ് v. ഗാനോൺ ഡങ്കർലി ആൻഡ് കമ്പനി (മദ്രാസ്) ലിമിറ്റഡ്* [എഐആർ 1958 എസ്സി 560]; [1959 എസ് സിആർ 379] എന്ന കേസിൽ വിധിച്ചിരുന്നു. കരാറിൽ അടങ്ങിയിരിക്കുന്ന നിർ ദേശങ്ങൾക്കനുസൃതമായി കരാറുകാരൻ കെട്ടിടം നിർമ്മിക്കണമെന്നും അതിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ അദ്ദേഹത്തിന് പണം ലഭിക്കണമെന്നും ഒരു കെട്ടിട നിൽ മാണ കരാറിൽ വ്യക്തമാക്കുമ്പോൾ, നിർമ്മാണത്തിൽ ഉപയോഗിച്ച വസ്തുക്കൾ

വിൽക്കുന്നതിനുള്ള കരാറോ അവിടെ കടന്നുപോകുന്ന ജംഗമ വസ്തുക്കളായി വിൽക്കുന്നതിനുള്ള കരാറോ അതിലില്ലായെന്ന് ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് വിധിച്ചു. കെട്ടിട കരാർ എന്നത് ഒറ്റായണെന്നും (മൊത്തമായി കണക്കാക്കേണ്ടതും അവിഭാജ്യമായതും) അതിൽ ചരക്കുകളുടെ വിൽപ്പന ഉണ്ടായിരുന്നില്ലെന്നും, അത്തരം കരാറിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ വിതരണത്തെ ഒരു വിൽപ്പനയായി കണക്കാക്കി നികുതി ചുമത്താൻ ബന്ധപ്പെട്ട പ്രവിശ്യാ സംസ്ഥാന നിയമസഭയ്ക്ക് (മദ്രാസ് നിയമസഭ) അധികാരമില്ലെന്നും വിധിച്ചു. തൽഫലമായി, ഒരു കെട്ടിട നിർമാണ കരാർ മൊത്തമായി കണക്കാക്കേണ്ടതും പൂർണ്ണമായും അവിഭാജ്യമായതും ആണെന്നും അതിൽ സാധനങ്ങളുടെ വിൽപ്പന കണക്കാക്കാനാകില്ലെന്നും, അത്തരമൊരു കരാറിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ വിതരണത്തെ ഒരു വിൽപ്പനയായി കണക്കാക്കി നികുതി ചുമത്താൻ പ്രവിശ്യാ സംസ്ഥാന നിയമസഭകൾക്ക് അധികാരമില്ലെന്നും വിധിച്ചു. പ്രവൃത്തി കരാർ എന്നത് വേർതിരിക്കാനാവാത്തതും അവിഭാജ്യവുമായ ഒരു സംയോജിത കരാറാണ് എന്ന കാഴ്ചപ്പാടാണ് ഇതിൽ സ്വീകരിച്ചത്.

ബി. ഈ നിർദ്ദേശത്തിന്റെ ഫലമായി, ഇന്ത്യൻ നിയമ കമ്മീഷൻ അതിന്റെ 61-ാം റിപ്പോർട്ടിൽ പ്രവൃത്തി കരാറിന്റെ നികുതി ബാധ്യത പ്രത്യേകമായി പരിശോധിക്കുകയും വേർതിരിക്കാനാവാത്ത പ്രവൃത്തികളുടെ കരാറിന് നികുതി ചുമത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകണമോ എന്ന പ്രത്യേക ചോദ്യം പരിശോധിക്കുകയും ചെയ്തു. ഇത് ഭരണഘടനയുടെ അനുച്ഛേദം 366 ൽ ഖണ്ഡം (29-എ) ചേർക്കുന്നതിലേക്ക് നയിച്ചു. എളുപ്പത്തിലുള്ള റഫറൻസിനായി, അത് താഴെ നൽകിയിരിക്കുന്നു:

> "അനുച്ഛേദം 366. നിർവചനങ്ങൾ. - ഈ ഭരണഘടനയിൽ, സന്ദർഭം മറ്റുവിധത്തിൽ നിഷ്കർഷിക്കുന്നില്ലായെങ്കിൽ, ഇനിപ്പറയുന്ന പദപ്രയോഗങ്ങൾക്ക് യഥാക്രമം ഇവിടെ നൽകിയിരിക്കുന്ന അർത്ഥങ്ങൾ കൽപ്പിക്കപ്പെടും,
>
> അതായത് -
>
> [(29-എ) "ചരക്കുകളുടെ വിൽപ്പനയിലോ വാങ്ങലിലോ ഉള്ള നികുതി"യിൽ ഇനിപ്പറയുന്നവ ഉൾപ്പെടും -
>
> (എ) X-X-X-X-X
>
> (ബി) ഒരു പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന, ചരക്കുകളുടെ (സാധനങ്ങളായോ മറ്റേതെങ്കിലും രൂപത്തിലോ ഉള്ള) രൂപത്തിലെ സ്വത്ത് കൈമാറ്റത്തിന്മേലുള്ള നികുതി;"

സി. *ഗാനോൺ ഡങ്കർലി (II) – ഗാനോൺ ഡങ്കർലി ആൻഡ് കമ്പനി v. സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ* [1993 (1) എസ്സിസി 364] കേസിൽ, ഭരണഘടനയുടെ അനുച്ഛേദം 366 ലെ ഖണ്ഡം (29–എ)–യിൽ ഉപഖണ്ഡം (ബി) അവതരിപ്പിച്ച നിയമപരമായ സങ്കൽപ്പത്തിന്റെ ഫലം ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് വിശദീകരിച്ചു. അനുച്ഛേദം 366 ലെ ഖണ്ഡം (29 എ)–യിലെ ഉപഖണ്ഡം (ബി)–യുടെ പ്രവർത്തനത്തെ രൂപപ്പെടുത്തുന്ന ഇനിപ്പറയുന്ന തത്വങ്ങൾ വിശദീകരിച്ചു:

എ) ഖണ്ഡം 29 എ–യിലെ നിയമപരമായ സങ്കൽപ്പം അനുസരിച്ച്, ഒരൊറ്റ അവിഭാജ്യ പ്രവൃത്തി കരാറിൽ പോലും സാധനങ്ങളുടെ വിൽപ്പന നടക്കുന്നുണ്ടെന്നും അത്തരം വിൽപ്പനയിൽ 'സാധനങ്ങളുടെ വിൽപ്പന'യുടെ എല്ലാ സംഭവങ്ങളും ഉൾപ്പെടുന്നുണ്ടെന്നും കണക്കാക്കുന്നു.

ബി) ഒരു പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങളുടെ മൂല്യം, മൊത്തം പ്രവൃത്തി കരാറിന്റെ മൂല്യം കണക്കിലെടുത്ത് അതിൽ നിന്ന് തൊഴിലാളികൾക്കും സേവനങ്ങൾക്കും നൽകുന്ന ചാർജ്ജുകൾ കുറച്ചുകൊണ്ട് നിർണ്ണയിക്കാവുന്നതാണ്.

സി) ഒരു പ്രവൃത്തി കരാർ നടപ്പിലാക്കുമ്പോൾ വിൽക്കുന്ന സാധനങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതിൽ തൊഴിൽ, സേവനങ്ങൾ എന്നിവയ്ക്കുള്ള ഇനിപ്പറയുന്ന ചാർജ്ജുകൾ ഒഴിവാക്കണം:

i) പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തൊഴിൽ നിരക്കുകൾ;

ii) തൊഴിൽ, സേവനങ്ങൾ എന്നിവയ്ക്കായി ഒരു സബ് കോൺട്രാക്ടർക്ക് നൽകുന്ന തുക;

ii) ആസൂത്രണം, രൂപകൽപ്പന എന്നിവയ്ക്കുള്ള ചാർജ്ജുകളും ആർക്കിടെക്ട് ഫീസും;

iv) പ്രവൃത്തി കരാർ നടപ്പിലാക്കാൻ ഉപയോഗിക്കുന്ന യന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്കോ മറ്റേതെങ്കിലും രീതിയിലോ ലഭ്യമാക്കുന്നതിനുള്ള ചാർജ്ജുകൾ;

v) പ്രവൃത്തി കരാർ നടപ്പിലാക്കുമ്പോൾ കൈമാറ്റം ചെയ്യപ്പെടാത്ത വസ്തുവിൽ പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിനായി ഉപയോഗിക്കുന്ന വെള്ളം, വൈദ്യുതി, ഇന്ധനം തുടങ്ങിയ ഉപഭോഗവസ്തുക്കളുടെ വില; കൂടാതെ

vi) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട പരിധി വരെ കരാറുകാരന്റെ സ്ഥാപനച്ചെലവ്;

vii) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട മറ്റ് സമാന ചെലവുകൾ;

viii) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട പരിധി വരെ കരാറുകാരൻ നേടിയ ലാഭം.

ഡി. അതിനാൽ, ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിൽ ഭേദഗതി വരുത്തുന്നതിനും ഖണ്ഡം (29 എ) കൂട്ടിച്ചേർക്കുന്നതിനും മുമ്പ് നിലവിലുണ്ടായിരുന്ന വ്യവസ്ഥ പ്രകാരം, ഒരു സാധാരണ പ്രവൃത്തി കരാറിൽ സാധനങ്ങളുടെ വിൽപ്പന ഉൾപ്പെടുന്നതായി കണക്കാക്കിയിരുന്നില്ല, കൂടാതെ അത്തരം പ്രവൃത്തി കരാറിന് വിൽപ്പന നികുതി ചുമത്താൻ പാടില്ലായിരുന്നു. എന്നിരുന്നാലും, പിന്നീട്, 1982-ലെ ഭരണഘടന (നാൽപ്പത്തിയാറാം ഭേദഗതി) നിയമത്തിലൂടെ, ഇന്ത്യൻ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിൽ ഖണ്ഡം (29-A) ഉൾപ്പെടുത്തി. വിവിധ ക്രയവിക്രയങ്ങളും ഇടപാടുകളും സംബന്ധിച്ച് നൽകിയിട്ടുള്ള, "ചരക്കുകളുടെ വിൽപ്പനയിലോ വാങ്ങലിലോ ഉള്ള നികുതി" എന്ന പദപ്രയോഗത്തിന് ഇതിലൂടെ സമഗ്രമായ നിർവചനം നൽകി. "ഒരു പ്രവൃത്തി കരാറിന്റെ നിർവഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന, ചരക്ക് രൂപത്തിലുള്ള (ചരക്കുകളായോ മറ്റേതെങ്കിലും രൂപത്തിലോ ഉള്ള) സ്വത്ത് കൈമാറ്റത്തിന്മേലുള്ള നികുതി" ഇതിലൂടെ പ്രസ്തുത നിർവചനത്തിന്റെ ഭാഗമായി.

ഇ. പ്രസ്തുത വ്യവസ്ഥ അവതരിപ്പിച്ചതിനെത്തുടർന്ന്, മിക്ക സംസ്ഥാനങ്ങളും 'പ്രവൃത്തി കരാർ' ഉൾപ്പെടുത്തുന്നതിനായി അവരുടെ വിൽപ്പന നികുതി ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഭരണഘടനയുടെ അനുച്ഛേദം 366 ലെ ഖണ്ഡം (29 എ)-യുടെ (എ) മുതൽ (എഫ്) വരെയുള്ള ഉപ ഖണ്ഡങ്ങളിൽ വിവരിച്ചിരിക്കുന്ന ചില ഇടപാടുകൾക്ക് വിൽപ്പന നികുതി ചുമത്താൻ സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകിയിട്ടുള്ള മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ ഭരണഘടനാ സാധുതയും, പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ചരക്ക് കൈമാറ്റത്തിന് നികുതി ചുമത്താനുള്ള സംസ്ഥാന നിയമസഭയുടെ അധികാരം ഭരണഘടനയുടെ അനുച്ഛേദം 286 ൽ അടങ്ങിയിരിക്കുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമാണോ എന്ന ചോദ്യവും *ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ v. യൂണിയൻ ഓഫ് ഇന്ത്യ* [(1989) 2 എസ്സിസി 645] കേസിൽ ഈ കോടതിയുടെ ഒരു ഭരണഘടനാ ബെഞ്ച് പരിഗണിച്ചു. അതിൽ, മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ ഭരണഘടനാ സാധുത ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ, പ്രവൃത്തികളുമായും മെറ്റീരിയലുകളുമായും ബന്ധപ്പെട്ട ഒരു സംയുക്ത കരാറിന്റെ പ്രത്യേകമായ സവിശേഷതകൾ വിശദീകരിച്ചു. പ്രത്യേകിച്ചു, വിധിന്യായത്തിന്റെ 38-40 ഖണ്ഡികകളിൽ, പ്രവൃത്തികളുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്കുള്ള നികുതി

അധികാരവുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ അർത്ഥം, പ്രഭാവം, വ്യാപ്തി, രൂപരേഖകൾ എന്നിവ വിശദീകരിക്കുകയും ചെയ്തു.

എഫ്. പ്രസ്തുത ചർച്ചയുടെ വെളിച്ചത്തിൽ, ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലെ ഖണ്ഡം (29 എ)-യിലെ (എ) മുതൽ (എഫ്) വരെയുള്ള ഏതെങ്കിലും ഉപഖണ്ഡങ്ങളിൽ വിവരിക്കുന്ന ചരക്കുകളുടെ കൈമാറ്റം ഒരു കൽപ്പിത വ്യവസ്ഥയിലൂടെ കണക്കാക്കപ്പെടുന്നതായി ഈ കോടതി നിഗമനത്തിലെത്തി, അതായത് ഒരു കൽപ്പിത വിൽപ്പനയായി വിലയിരുത്തുന്നു. എന്നിരുന്നാലും, ഇന്ത്യൻ ഭരണഘടനയുടെ 46-ാം ഭേദഗതിക്ക് ശേഷം വിൽപ്പന നികുതി ചുമത്തുന്നത് ഭരണഘടനയുടെ 286, 269 എന്നീ അനുച്ഛേദങ്ങൾ പ്രകാരം ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് ഈ കോടതി മുന്നറിയിപ്പ് നൽകി.

ജി. പിന്നീട്, *സ്റ്റേറ്റ് ഓഫ് എപി v. കോൺ എലിവേറ്റേഴ്സ്* [(2005) 3 എസ്സിസി 389] കേസിൽ ഈ കോടതിയുടെ മൂന്നംഗ ബെഞ്ച്, ലിഫ്റ്റുകളുടെ നിർമ്മാണം, വിതരണം, ഇൻസ്റ്റാളേഷൻ എന്നിവയ്ക്കുള്ള കരാർ ഒരു "വിൽപ്പന" ആണെന്നും അതിനാൽ മൊത്തം കരാർ മൂല്യത്തിനും വിൽപ്പന നികുതി നിയമപ്രകാരം നികുതി ചുമത്താമെന്നുമുള്ള കാഴ്ചപ്പാട് സ്വീകരിച്ചു. എന്നിരുന്നാലും, വിഷയം പിന്നീട് വീണ്ടും പുനഃപരിശോധിക്കാൻ ഒരു വലിയ ബെഞ്ചിലേക്ക് റഫർ ചെയ്തു. *കോൺ എലിവേറ്റർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് v. സ്റ്റേറ്റ് ഓഫ് തമിഴ്നാട്* കേസിൽ, ഈ കോടതി, പരാമർശിച്ച വിഷയം വീണ്ടും കേൾക്കുകയും, ലിഫ്റ്റിന്റെ നിർമ്മാണം, വിതരണം, ഇൻസ്റ്റാളേഷൻ എന്നിവയ്ക്കുള്ള കരാറിലെ ഇൻസ്റ്റാളേഷനുള്ള ബാധ്യത കേവലം സാന്ദർഭികമായി വരുന്നതല്ലെന്നും, മറിച്ച് മൊത്തം കരാറിൽ ഉൾച്ചേർന്നിരിക്കുന്നതാണെന്നും നിരീക്ഷിച്ചു. വിവിധ ഘടകങ്ങൾ ഒരുമിച്ച് കൂട്ടിച്ചേർത്ത് കെട്ടിടത്തിന്റെ സ്ഥിരമായ ഒരു ഘടകമായി സൈറ്റിൽ സ്ഥാപിച്ചു. ഇതിലുൾപ്പെട്ട ചരക്കുകൾ, വൈദഗ്ദ്ധ്യം, തൊഴിൽ ഘടകങ്ങൾ എന്നിവ പരസ്പരം ചേർന്നുനിൽക്കുന്നതാണ്, കരാർ വിഭജിക്കാൻ കഴിയില്ല. അതിനാൽ, ലിഫ്റ്റുകളുടെ നിർമ്മാണം, വിതരണം, ഇൻസ്റ്റാളേഷൻ എന്നിവയ്ക്കുള്ള കരാർ ഒരു പ്രവൃത്തി കരാറാണെന്ന് ഈ കോടതി നിഗമനത്തിലെത്തി. 46-ാം ഭേദഗതിക്ക് ശേഷവും, അനുച്ഛേദം 366 (29A)(ബി) ഒരു ആവശ്യമായ അനുബന്ധമായി ബാധകമാക്കണമെങ്കിൽ, കരാറിന്റെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ അതൊരു 'പ്രവൃത്തി കരാർ' ആണെന്ന നിഗമനത്തിൽ എത്താമെന്ന് കാണിക്കേണ്ടതുണ്ടെന്നും നിരീക്ഷിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കക്ഷികൾക്കിടയിൽ അംഗീകരിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഒരു കരാർ ഒരു 'പ്രവൃത്തി' ആണെന്ന് തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ, ഭരണഘടനയുടെ അനുച്ഛേദം 366 (29 എ)(ബി) പ്രയോഗിക്കാൻ കഴിയില്ല. ഒരു നിർദ്ദിഷ്ട കരാർ ഒരു പ്രവൃത്തി കരാറാണെന്ന് വ്യക്തമായ

നിഗമനത്തിലെത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ, പ്രസക്തമായ വിൽപ്പന നികുതി നിയമങ്ങളുടെ വ്യവസ്ഥകൾ ഉപയോഗിച്ച് അത് 'വിൽപ്പന'യായി പ്രഖ്യാപിക്കേണ്ടിവരും.

എച്ച്. *ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് v. യൂണിയൻ ഓഫ് ഇന്ത്യ* [2006] 145 എസ്ടിസി 91 (എസ്സി) കേസിൽ, മൊബൈൽ ഫോൺ കണക്ഷനുകൾ നൽകിയ ഇടപാടിന്റെ സ്വഭാവത്തെക്കുറിച്ചാണ് ഈ കോടതി പരിഗണിച്ചത്. അത് ഒരു വിൽപ്പനയാണോ സേവനമാണോ അതോ രണ്ടും ആണോ എന്നതായിരുന്നു കോടതി പരിശോധിച്ചത്. ഭരണഘടനയുടെ അനുച്ഛേദം 366(29 എ) പ്രകാരം വൈദ്യുതകാന്തിക തരംഗങ്ങളുടെയോ റേഡിയോ ഫ്രീക്വൻസികളുടെയോ സംപ്രേക്ഷണം വഴി പ്രവർത്തിക്കുന്ന ഒരു ടെലിഫോൺ കണക്ഷൻ നൽകുന്നത് 'ചരക്കുകളുടെ' കൈമാറ്റം അല്ലെന്നും ടെലികമ്മ്യൂണിക്കേഷനിലെ ചരക്കുകൾ എന്നത് സേവന ദാതാവ് നൽകുന്ന ഹാൻഡ്സെറ്റുകളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും കോടതി വിധിച്ചു. സിം കാർഡുകളെ സംബന്ധിച്ചിടത്തോളം, പ്രശ്നം വിലയിരുത്തി തീരുമാനമെടുക്കുന്നതിന് വിഷയം അധികാരികൾക്ക് വിട്ടു.

ഐ. തുടർന്ന്, ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ് ആൻഡ് അനദർ v. സ്റ്റേറ്റ് ഓഫ് കർണാടക ആൻഡ് അനദർ [(2014) (1) എസ്സിസി 708] കേസിൽ, ഈ കോടതി മുൻ വിധിന്യായങ്ങളിൽ നിന്ന് പ്രവൃത്തി കരാറിന്റെ അർത്ഥം മനസ്സിലാക്കി, ഖണ്ഡിക 72-ൽ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:-

> "72. ഈ കോടതിയുടെ അഭിപ്രായത്തിൽ, അനുച്ഛേദം 366(29-A)(b) ലെ "പ്രവൃത്തി കരാർ" എന്ന പദം വളരെ വിശാലമാണ്, കൂടാതെ ആ പദത്തെക്കുറിച്ചുള്ള ഒരു പ്രത്യേക ധാരണയിലോ ഒരു പ്രത്യേക രൂപത്തിലോ അതിനെ പരിമിതപ്പെടുത്താൻ കഴിയില്ല. ഈ പദത്തിൽ കരാറുകളുടെ വിശാലമായ ശ്രേണിയും നിരവധി തരത്തിലുള്ള കരാറുകളും ഉൾക്കൊള്ളുന്നു. നാൽപ്പത്തിയാറാം ഭേദഗതി സമയത്ത് പാർലമെന്റ് "പ്രവൃത്തി കരാർ" എന്നതിന് വിശാലമായ അർത്ഥം കൽപ്പിച്ചിരുന്നു. അനുച്ഛേദം 366 ൽ ഖണ്ഡം (29-എ) ഉൾപ്പെടുത്തുന്നതിന്റെ ലക്ഷ്യം "ചരക്കുകളുടെ വിൽപ്പനയിലോ വാങ്ങലിലോ ഉള്ള നികുതി" എന്ന പദപ്രയോഗത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക എന്നതും *ഗാനോൺ ഡങ്കർലി (1) [സ്റ്റേറ്റ് ഓഫ് മദ്രാസ് v. ഗാനോൺ ഡങ്കർലി ആൻഡ് കമ്പനി (മദ്രാസ്) ലിമിറ്റഡ്,* എഐആർ 1958 എസ്സി 560: 1959 എസ്സിആർ 379] കേസിലെ വിധിന്യായത്തെ മറികടക്കുക എന്നതുമായിരുന്നു. <u>അങ്ങനെ നോക്കുമ്പോൾ, ഒരു കരാറിൽ ചരക്കുകളും മെറ്റീരിയലുകളും വിതരണം ചെയ്യാനുള്ള ബാധ്യതകൾക്കും തൊഴിൽ, സേവന നിർവഹണങ്ങൾക്കുള്ള ബാധ്യതകൾക്കും പുറമേ ചില അധിക ബാധ്യതകൾ ചുമത്തിയാലും, അത്തരം കരാർ പ്രവൃത്തി കരാർ അല്ലാതായി മാറുന്നില്ല. പ്രവൃത്തികൾക്കായി ഒരു കരാർ നൽകുകയും പ്രവൃത്തി കരാറിന്റെ പ്രാഥമിക വിവരണം</u>

പാലിക്കുകയും ചെയ്യുന്നിടത്തോളം, കരാറിലെ അധിക ബാധ്യതകൾ കരാറിന്റെ സ്വഭാവത്തെ മാറ്റില്ല. പ്രവൃത്തി കരാറിന്റെ സവിശേഷതകളോ ഘടകങ്ങളോ ഒരു കരാറിൽ തൃപ്തികരമായി നിലനിൽക്കുന്നുവെങ്കിൽ, അധികമായി ഏർപ്പെടുത്തുന്ന ബാധ്യതകൾ പരിഗണിക്കാതെ, അത്തരം കരാർ "പ്രവൃത്തി കരാർ" എന്ന പദത്തിൽ ഉൾപ്പെടുന്നു. അനുച്ഛേദം 366(29 എ)(ബി)-യിലെ ഒന്നും "പ്രവൃത്തി കരാർ" എന്ന പദത്തെ തൊഴിൽ, സേവന കരാറായി മാത്രം പരിമിതപ്പെടുത്തുന്നില്ല. "പ്രവൃത്തി കരാർ" എന്ന പദത്തെ തൊഴിലും സേവനങ്ങളും നൽകുന്നതിനുള്ള കരാറിൽ മാത്രമായി ഒതുക്കി നിർത്താൻ കഴിയില്ലായെന്നും, മറിച്ച് ചില "പ്രവൃത്തികൾ" ഏറ്റെടുക്കുന്നതിനോ നിലവിൽ വരുത്തുന്നതിനോ ഉള്ള ഏതൊരു കരാറും ഇത്തരത്തിൽ ഉള്ളതാണെന്നും, മഹാരാഷ്ട്രയുടെ അഡ്വക്കേറ്റ് ജനറൽ ഉയർത്തിയ വാദം ശരിയാതാണ്. അനുച്ഛേദം 366(29 എ)(ബി)യിലെ "പ്രവൃത്തി കരാർ" എന്ന പദത്തിന്റെ പരിധിയിൽ എല്ലാ തരത്തിലുള്ള പ്രവൃത്തി കരാറുകളും വരുമെന്നും തൊഴിൽ, സേവനങ്ങൾ എന്നിവയുള്ള പ്രത്യേക കരാറുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെന്നുമുള്ള ശ്രീ കെ.എൻ. ഭട്ടിന്റെ വാദത്തോടും ഈ കോടതി യോജിക്കുന്നു. അനുച്ഛേദം 366 ൽ ഖണ്ഡം (29-എ) ചേർത്തപ്പോൾ പാർലമെന്റിന്റെ കാഴ്ചപ്പാടിൽ എല്ലാത്തരം പ്രവൃത്തി കരാറുകളും ഉണ്ടായിരുന്നു.

(ഞാൻ അടിവരയിടുന്നു)

ജെ. തുടർന്ന്, ഒരു പ്രവൃത്തി (അല്ലെങ്കിൽ സേവന) കരാറും വിൽപ്പന (ചരക്കുകളുടെ) കരാറും തമ്മിലുള്ള വ്യത്യാസം പരിഗണിക്കുകയും *കമ്മീഷണർ ഓഫ് സെയിൽസ് ടാക്സ് v. പുരുഷോത്തം പ്രേംജി* [(1970) 2 എസ്സിസി 287] കേസിലെ വിധിന്യായത്തെ ആശ്രയിക്കുകയും ചെയ്തുകൊണ്ട് ഇനിപ്പറയുന്ന തരത്തിൽ നിരീക്ഷിക്കുകയും ചെയ്തു: ഒരു പ്രവൃത്തി (അല്ലെങ്കിൽ സേവന) കരാറും സാധനങ്ങളുടെ വിൽപ്പന കരാറും തമ്മിലുള്ള പ്രാഥമിക വ്യത്യാസം എന്നത്, ആദ്യത്തേതിൽ, പ്രവൃത്തി നിർവഹിക്കുന്ന വ്യക്തിയോ സേവനം നൽകുന്ന വ്യക്തിയോ പ്രവൃത്തിയോ സേവനമോ നിർവഹിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഒരു ഭാഗമോ മുഴുവനായോ പോലും അയാളുടെ സ്വത്തായിരിക്കാം എന്നിരിക്കെ തന്നെ, മൊത്തത്തിൽ ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ അയാളുടേതായ ഒരു സ്വത്തും ഇല്ല എന്നതാണ്. എന്നാൽ, ഒരു വിൽപ്പന കരാറിന്റെ കാര്യത്തിൽ, മൊത്തത്തിൽ ഉൽപാദിപ്പിച്ചിട്ടുള്ള കാര്യത്തിന് അതിന്റെ വിതരണത്തിന് മുമ്പ് എപ്പോഴെങ്കിലും അത് ഉൽപാദിപ്പിച്ച കക്ഷിയുടെ മാത്രം വ്യക്തിഗത സ്വത്ത് എന്ന നിലയുള്ള അസ്തിത്വമുണ്ട്. കൂടാതെ മറ്റൊരു കക്ഷിയുമായുള്ള ബന്ധപ്പെട്ട കരാറിന് കീഴിൽ വിലയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രസ്തുത സ്വത്തിന്റെ കൈമാറ്റം നടക്കുന്നത്. ഒരു

പ്രവൃത്തി കരാറിനെ വിൽപ്പന കരാറിൽ നിന്ന് വേർതിരിച്ചറിയാൻ എടുത്തുകാണിക്കുന്ന ഘടകങ്ങൾ പ്രസക്തമാണെങ്കിലും സമഗ്രമല്ലെന്നും നിരീക്ഷിക്കപ്പെട്ടു.

കെ. പ്രവൃത്തി കരാർ നടപ്പിലാക്കുമ്പോൾ വിറ്റതായി കണക്കാക്കപ്പെടുന്ന ചരക്കുകൾക്ക് ചുമത്തിയ നികുതി നിലനിർത്തുന്നതിന് മൂന്ന് വ്യവസ്ഥകൾ പാലിക്കണമെന്ന് *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ് ആൻഡ് അനദർ* (മേൽ പരാമർശം) കേസിലെ വിധിന്യായത്തിന്റെ ഖണ്ഡിക 89-ൽ,കോടതി നിരീക്ഷിച്ചു, അതായത്, (i) ഒരു പ്രവൃത്തി കരാർ ഉണ്ടായിരിക്കണം, (ii) പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിൽ ചരക്കുകൾ ഉൾപ്പെട്ടിരിക്കണം, (iii) ആ ചരക്കുകളിലെ സ്വത്ത് സാധനങ്ങളായോ മറ്റേതെങ്കിലും രൂപത്തിലോ മൂന്നാം കക്ഷിക്ക് കൈമാറണം. ഒരു കെട്ടിട നിർമ്മാണ കരാറിലോ നിർമ്മാണം നടത്തുന്നതിനുള്ള ഏതെങ്കിലും കരാറിലോ, മുകളിൽ പറഞ്ഞ മൂന്ന് കാര്യങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നു. ഒരു ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള കരാറിൽ അനിവാര്യമായും സാധനങ്ങളുടെ വിൽപ്പന ഉണ്ടായിരിക്കും. പ്രവൃത്തി കരാർ എന്നതിൽ കെട്ടിട നിർമാണ് കരാറുകളും ഉൾപ്പെടുന്നു, അതിനാൽ, കെട്ടിട നിർമ്മാണ കരാറുകൾ ഒരു തരം പ്രവൃത്തി കരാറാണെന്ന് പ്രസ്താവിക്കാം.

എൽ. ചരക്കുകളുടെ മൂല്യത്തിൽ അത്തരം സേവനങ്ങളുടെ വില കൂടി ഉൾപ്പെടുത്തി സേവനങ്ങൾക്ക് നികുതി ചുമത്താൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ലെങ്കിലും, കെട്ടിട നിർമ്മാണത്തിനും ഫ്ലാറ്റ് വിൽപ്പനയ്ക്കുമുള്ള കരാർ പോലുള്ള ഒരു സംയോജിത കരാറിലെ പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങളുടെ വിൽപ്പന ഘടകത്തിന് നികുതി ചുമത്തുന്നതിൽ നിന്ന് അത് സംസ്ഥാനത്തെ വ്യതിചലിപ്പിക്കുന്നില്ലെന്ന് ആസ്പെക്ട് സിദ്ധാന്തത്തെ പരാമർശിച്ച് വിധിച്ചു. മുകളിൽ പറഞ്ഞ ചർച്ചയുടെ വെളിച്ചത്തിൽ, വിധിന്യായത്തിന്റെ ഖണ്ഡിക 97-ൽ നിയമപരമായ നിർദ്ദേശം സംഗ്രഹിച്ചിരിക്കുന്നു.

പ്രവൃത്തി കരാറുകളിൽ സേവന നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട പരിണാമ ചരിത്രം:

(6) 1994 ലെ ധനകാര്യ നിയമം വഴി ഇന്ത്യയിൽ സേവന നികുതി നിലവിൽ വന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ ലിസ്റ്റ് I-ലെ ഒരു റെസിഡ്യറി എൻട്രി, അതായത് ഭരണഘടനയുടെ അനുച്ഛേദം 248-നോടൊപ്പം ചേർത്തുവായിക്കുന്ന എൻട്രി 97 പ്രകാരമാണ് പാർലമെന്റ് സേവന നികുതി നിയമനിർമ്മാണം നടത്തിയത്. സേവന നികുതി വ്യവസ്ഥകളുടെ അടിസ്ഥാന പദ്ധതി ഇനിപ്പറയുന്ന പ്രകാരമാണ്:

(i) നികുതി നൽകേണ്ട സേവനങ്ങളെ കുറിച്ച് നിയമത്തിലെ വകുപ്പ് 65 വ്യവസ്ഥ ചെയ്യുന്നു;

ii) "സേവന നികുതി പിരിക്കുന്നതിന് ഉത്തരവാദിത്തമുള്ള വ്യക്തി" ആയി നിയുക്തനായ വ്യക്തി സർക്കാരിനായി സേവന നികുതി ചുമത്തുന്നതിന് നിയമത്തിലെ വകുപ്പ് 66 വ്യവസ്ഥ ചെയ്യുന്നു;

(iii) 5% സേവന നികുതിക്ക് വിധേയമാക്കുന്നതിന്, നികുതി ബാധകമായ സേവനത്തിന്റെ മൂല്യം എന്തായിരിക്കണം എന്നതിനെ കുറിച്ച് നിയമത്തിലെ വകുപ്പ് 67 വ്യവസ്ഥ ചെയ്യുന്നു; കൂടാതെ

(iv) നിയമത്തിലെ വകുപ്പ് 68 സേവന നികുതി പിരിച്ചെടുക്കുന്നതിനും പണമടയ്ക്കുന്നതിനുമുള്ള സംവിധാനം വ്യവസ്ഥ ചെയ്യുന്നു.

മേൽപ്പറഞ്ഞ വിധിന്യായങ്ങളിൽ ഈ കോടതി കണ്ടെത്തിയതുപോലെ, പ്രവൃത്തി കരാറുകളിൽ സേവന നികുതി ചുമത്തുന്നത് ഉരുത്തിരിഞ്ഞത് എങ്ങനെയെന്ന് കണ്ടെത്തേണ്ടത് ആവശ്യമാണ്. പ്രവൃത്തി കരാറിന് നികുതി ചുമത്തുന്നതിനായി പ്രകടമായ ഒരു ചാർജിംഗ് വ്യവസ്ഥ അവതരിപ്പിക്കുന്നതിന് മുമ്പും ശേഷവും, പ്രവൃത്തി കരാറിന്റെ സ്വഭാവമുള്ളതായി പറയപ്പെടുന്ന കരാറുകൾക്ക് സേവന നികുതി ചുമത്തുന്നതുമായി വിഷയം കക്ഷികളുടെ എതിർവാദങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട്. എങ്കിലും 2007 ജൂൺ 1 മുതലുള്ള പ്രാബല്യത്തിൽ 1994 ലെ ധനകാര്യ നിയമം ഭേദഗതി ചെയ്ത് പ്രവൃത്തി കരാറിന്റെ നിർവചനം അവതരിപ്പിക്കുന്നതിനു മുമ്പുള്ള കാലയളവിനെക്കുറിച്ച് മാത്രമാണ് നിലവിലെ കേസിലെ ചോദ്യം. ഇനിപ്പറയുന്ന വിധിന്യായങ്ങളെ പരിശോധിച്ചുകൊണ്ട് ഇത് വിലയിരുത്താം.

a) 1996 ൽ ഭേദഗതി ചെയ്ത ധനകാര്യ നിയമത്തിലെ വകുപ്പ് 66 ഉം വകുപ്പ് 67 ഉം പ്രകാരം കല്യാണ മണ്ഡപങ്ങൾക്ക് നികുതി ബാധകമാക്കുന്നത് ഭരണഘടനാ വിരുദ്ധമാണോ എന്ന ചോദ്യം *തമിഴ്നാട് കല്യാണ മണ്ഡപം അസോസിയേഷൻ v. യൂണിയൻ ഓഫ് ഇന്ത്യ* [(2004) 5 എസ്സിസി 632] കേസിൽ ഈ കോടതി പരിശോധിച്ചു. മണ്ഡപ നടത്തിപ്പുകാരും ഔട്ട്ഡോർ കാറ്ററർമാരും നൽകുന്ന സേവനങ്ങൾക്ക് നികുതി ബാധകമാക്കുന്നത് പിത്ത് ആൻഡ് സബ്സ്റ്റൻസ് (സംസ്ഥാന സർക്കാരിന്റെ അധികാര പരിധി സംബന്ധിച്ച് സംശയമുള്ളത്) ആണെന്നും, ഇത് സേവനങ്ങൾക്ക് ചുമത്തുന്ന നികുതിയാണെന്നും വിധിച്ചു. സാധനങ്ങളുടെ വിൽപ്പനയ്ക്കുള്ള നികുതിയായോ പ്രവർത്തനങ്ങൾ വിൽപ്പനയ്ക്കോ വാടകയ്ക്കോ എടുക്കുന്നതിനുള്ള നികുതിയായോ ഇതിനെ കാണാനാകില്ലെന്നും കോടതി നിരീക്ഷിച്ചു. ഒരു മണ്ഡപ നടത്തിപ്പുകാരനും അയാളുടെ ഉപഭോക്താവും തമ്മിലുള്ള ഇടപാട് തീർച്ചയായും സാധനങ്ങളുടെ വിൽപ്പനയുടെയോ വാടകയ്ക്കെടുക്കലിന്റെയോ സ്വഭാവത്തിലല്ല എന്ന വസ്തുതയിൽ നിന്ന് ഈ സേവന നികുതിയുടെ സ്വഭാവവും പ്രകൃതവും വ്യക്തമാണ്. അടിസ്ഥാനപരമായി ഇത് ഒരു സേവനം നൽകലാണ്. അത്തരം

സാഹചര്യങ്ങളിൽ ഭക്ഷണം എന്ന വസ്തുവിന്റെ കൈമാറ്റത്തേക്കാൾ അതിലെ സേവനത്തിന്റെ രീതി പ്രാമുഖ്യം നേടുന്നു, ഇത് സേവന വശത്തിന് പ്രാമുഖ്യം നൽകണമെന്ന് സൂചിപ്പിക്കുന്നു. നിയമനിർമ്മാണ സഭ പ്രസ്തുത ആധിപത്യത്തെ ബുദ്ധിപൂർവം ശ്രദ്ധിക്കുകയും പരോക്ഷ നികുതി പിരിക്കാൻ സാധ്യതയുള്ള ഒരു മേഖലയായി അതിനെ തിരിച്ചറിയുകയും ചെയ്തു.

b) 1994 ലെ ധനകാര്യ നിയമപ്രകാരം കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയ സേവന നികുതി ബാധകമായ പ്രോട്ടോടൈപ്പ് കൺസെപ്ഷ്വൽ ഡിസൈനുകൾ അത്തരം ഡിസൈൻ-സങ്കൽപ്പത്തിന്റെ സൃഷ്ടിക്കു ശേഷം പരസ്യ സാമഗ്രികളുടെ വിൽപ്പനയിൽ ഉൾപ്പെടുമ്പോൾ 2003 ലെ കർണാടക മൂല്യവർധിത നികുതി നിയമ (KVAT) പ്രകാരം നികുതിക്ക് വിധേയമാക്കേണ്ടതുണ്ടോ എന്ന ചോദ്യം, *ഇമാജിക് ക്രിയേറ്റീവ് പ്രൈവറ്റ് ലിമിറ്റഡ് v. ദി കമ്മീഷണർ ഓഫ് കൊമേഴ്സ്യൽ ടാക്സസ് ആൻഡ് അദേർസ്* [(2008) 2 എസ്സിസി 614] കേസിൽ ഈ കോടതി പരിഗണിച്ചു. സേവന നികുതിയും കെവാറ്റും പരസ്പരം വേറിട്ടവയാണെന്ന് ആണെന്ന് ഈ കോടതി നിരീക്ഷിച്ചു. ഒരു അവിഭാജ്യ കരാറിൽ നിന്ന് വ്യത്യസ്തമായി, ഒരു സംയോജിത കരാറിൽ വിഭാവനം ചെയ്തിരിക്കുന്ന സേവന നികുതിയുടെയും വിൽപ്പന നികുതിയുടെയും അതത് പാരാമീറ്ററുകൾ കണക്കിലെടുത്താണ് അവ ബാധകമാക്കേണ്ടത്. അങ്ങനെ, ഒരു അവിഭാജ്യ കരാറും ഒരു സംയോജിത കരാറും തമ്മിൽ ഒരു വ്യത്യാസം സൃഷ്ടിക്കപ്പെട്ടു. അങ്ങനെ ചെയ്യുമ്പോൾ,ഒരു പ്രവൃത്തി കരാറിന്റെ വിൽപ്പന ഘടകത്തിന് നികുതി ചുമത്തുന്നത് അനുവദിക്കുന്ന അനുച്ഛേദം 366(29A)-ലെ നിയമപരമായ സങ്കൽപ്പത്തിന്റെ പരിധി വരെ, അതായത് കരാറിന്റെ വിൽപ്പന ഘടകത്തിന്റെ മൂല്യത്തിന്റെ പരിധി വരെ മാത്രമേ ഒരു സംയുക്ത കരാറിന്റെ കാര്യത്തിൽ ഈ അനുച്ഛേദം ബാധകമാകൂ എന്നും ഇടപാടിന്റെ സേവന ഘടകവുമായി ബന്ധപ്പെട്ട് ബാധകമാകില്ലായെന്നും വ്യാഖ്യാനിക്കേണ്ടതുണ്ടെന്ന് വിധിച്ചു. സേവന നികുതിയുടെ സ്വഭാവത്തിലുള്ള നികുതികൾ സേവന ഘടകവുമായി ബന്ധപ്പെട്ട് മാത്രമേ ബാധകമാകൂ.

c) 2007 ജൂൺ 01 ന് മുമ്പ് ഉണ്ടാക്കിയ പ്രവൃത്തി കരാറുകളിൽ 2007 ജൂൺ 01 മുതൽ നികുതി ചുമത്തുന്നതിനുള്ള ഒരു പ്രത്യക്ഷ ചാർജിംഗ് വ്യവസ്ഥ കൊണ്ടുവരുന്നന്നതിന്റെ ഫലത്തെക്കുറിച്ച് *നാഗാർജുന കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് v. ഇന്ത്യാ ഗവൺമെന്റ് ആൻഡ് അദേർസ്* [(2013) 1 എസ്സിസി 721], ഈ കോടതി ചർച്ച ചെയ്തു. പ്രസ്തുത കേസിലെ അപ്പീൽവാദി-നികുതിദാതാവ് സംയോജിത നിർമ്മാണ കരാറുകൾ നടപ്പിലാക്കുന്ന ബിസിനസ്സിലാണ് ഏർപ്പെട്ടിരുന്നത്. 1957-ലെ ആന്ധ്രാപ്രദേശ് പൊതു വിൽപ്പന നികുതി നിയമം, 2005-ലെ ആന്ധ്രാപ്രദേശ് മൂല്യവർധിത നികുതി നിയമം, മറ്റ് സംസ്ഥാന നിയമങ്ങൾ എന്നിവ പ്രകാരം അപ്പീൽവാദി-നികുതിദാതാവ് ആ കരാറുകളിൽ

വിൽപ്പന നികുതി/വാറ്റ് അടച്ചിരുന്നു. 2007 ജൂൺ 1-ന് മുമ്പ്, 1994-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65 (105) (zzd) പ്രകാരം 'നിലമൊരുക്കൽ, കമ്മീഷൻ ചെയ്യൽ അല്ലെങ്കിൽ ഇൻസ്റ്റാളേഷൻ സേവനം' എന്ന വിഭാഗത്തിൽ അല്ലെങ്കിൽ വകുപ്പ് 65 (105) (zzq) പ്രകാരം 'വാണിജ്യ അല്ലെങ്കിൽ വ്യാവസായിക നിർമ്മാണ സേവനം' എന്ന നിലയിൽ സേവന നികുതി അടച്ചിരുന്നു, കൂടെതെ,വകുപ്പ് 65 (105) (zzzh) പ്രകാരം 'സങ്കീർണ്ണ സേവനത്തിന്റെ നിർമ്മാണം' എന്ന നിലയിലും നികുതി അടച്ചിരുന്നു.

d) ഒരു പ്രവൃത്തി കരാറിന് നിർവചനം നൽകുന്ന ചാർജിംഗ് വ്യവസ്ഥയായ വകുപ്പ് 65 (105) (zzzza) 2007 ജൂൺ 01 മുതൽ അവതരിപ്പിച്ചു. 2007 ലെ പ്രവൃത്തി കരാർ (സേവന നികുതി അടയ്ക്കുന്നതിനുള്ള കോമ്പോസിഷൻ സ്കീം)ചട്ടങ്ങളും (ഇനി മുതൽ '2007 നിയമങ്ങൾ' എന്ന് വിളിക്കുന്നു) 2007 ജൂൺ 01 മുതലുള്ള പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ അവതരിപ്പിച്ചു. ഈ പദ്ധതി പ്രകാരം, പ്രവൃത്തി കരാറിൽ മൊത്തം ചാർജ് ചെയ്യുന്ന തുകയുടെ 2% എന്ന അനുപാതത്തിൽ കോമ്പോസിഷൻ ഓപ്ഷൻ വാഗ്ദാനം ചെയ്തു. ഈ കോമ്പോസിഷന് മുമ്പ്, മറ്റ് വിഭാഗങ്ങളിലെ സേവനങ്ങൾക്ക് കീഴിലുള്ള ഫലപ്രദമായ നികുതി നിരക്ക് മൊത്തം തുകയുടെ ഏകദേശം 3.96% ആയിരിക്കും.

e) *നാഗാർജുന കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്* കേസിലെ അപ്പീൽവാദി 2007 ലെ നിയമങ്ങൾ പ്രകാരം കോമ്പോസിഷൻ സ്കീമിന്റെ ആനുകൂല്യം അവകാശപ്പെടാൻ ശ്രമിച്ചു. പഴയ നികുതി വ്യവസ്ഥ പ്രകാരം തരംതിരിച്ച നികുതി നൽകേണ്ട ഒരു സേവനത്തെ, അതിന്റെ വിലയോ അതിന്റെ ഒരു ഭാഗമോ 2007 ജൂൺ 01 ന് ശേഷമാണ് ലഭിച്ചത് എന്നതിനാൽ മാത്രം 2007 ജൂൺ 01 ന് ശേഷം മറ്റൊരു തരത്തിൽ തരം തിരിക്കാനാകില്ല എന്ന് 2008 ജനുവരി 4 ന് പുറത്തിറക്കിയ 98/1/2008-എസ്ടി എന്ന നമ്പറിലുള്ള സർക്കുലറിലെ ഒരു ഖണ്ഡം വ്യക്തമാക്കുന്നതു കാരണം ആ അവകാശവാദം നിരസിക്കപ്പെട്ടു. 98/1/2008-എസ്ടി നമ്പർ സർക്കുലറിന്റെ ഗുണദോഷങ്ങൾ ഈ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. നികുതി ബാധകമായ സേവനങ്ങൾക്കായി സേവന നികുതി 2007 ജൂൺ 1-ന് മുമ്പ് അടച്ചിട്ടുള്ള അപ്പീൽവാദിക്ക് , 2007 ജൂൺ 1-നോ അതിനുശേഷമോ ഉള്ള സേവന നികുതി അടയ്ക്കുന്നതിനായി സിംഗിൾ കോമ്പോസിറ്റ് സേവനത്തിന്റെ വർഗ്ഗീകരണം മാറ്റുന്നതിന് അർഹതയില്ലെന്നും അതിനാൽ കോമ്പോസിഷൻ സ്കീം പ്രയോജനപ്പെടുത്താൻ അർഹതയില്ലെന്നും, പ്രസ്തുത സർക്കുലറിന്റെ സാധുത ശരിവച്ചുകൊണ്ട് കോടതി വിധിച്ചു. 2007 ജൂൺ 1-ന് മുമ്പ് പ്രാബല്യത്തിൽ വന്ന സേവന കരാറിന്റെ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽവാദി-നികുതിദാതാവ് ഇതിനകം സേവന നികുതി അടച്ചിട്ടുണ്ടെന്നും വകുപ്പ് 65 (105) (zzzza) ഉം

2007 ലെ ചട്ടങ്ങളും അവതരിപ്പിച്ചതിനെത്തുടർന്ന് പ്രസ്തുത കരാറിനെ വ്യത്യസ്തമായി തരംതിരിക്കാൻ കഴിയില്ലെന്നും നിരീക്ഷിക്കപ്പെട്ടു.

f) അങ്ങനെ, 1994 ലെ ധനകാര്യ നിയമത്തിലെ ഭേദഗതി പ്രകാരം, വകുപ്പ് 65(105)-ൽ ഖണ്ഡം (zzzza) അവതരിപ്പിച്ചുകൊണ്ട്, പ്രവൃത്തി കരാറിലെ സേവനങ്ങളെ സേവന നികുതി പരിധിയിൽ കൊണ്ടുവന്നു. 2007-ലെ ധനകാര്യ നിയമപ്രകാരമാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. 2007 ജൂൺ 1 മുതൽ അത്തരം പ്രവൃത്തി കരാറിലെ സേവന ഘടകം സേവന നികുതിക്ക് വിധേയമാക്കുമെന്ന് വ്യക്തമായി പ്രഖ്യാപിച്ചു. 1994-ലെ ധനകാര്യ നിയമത്തിലെ പ്രസ്തുത വകുപ്പിലാണ് ഭേദഗതി വരുത്തിയത്, അതിലൂടെ അവിഭാജ്യവും സംയോജിതവുമായ പ്രവൃത്തി കരാറുകളെ വിഭജിക്കാൻ കഴിയും. അങ്ങനെ അത്തരം കരാറുകളിലെ തൊഴിൽ, സേവന ഘടകങ്ങൾക്ക് മാത്രമായി സേവന നികുതി ചുമത്താൻ കഴിയും.

(7) മുകളിൽ പറഞ്ഞ സംഭവവികാസങ്ങൾ പരിശോധിച്ചതിനു ശേഷം, ഇനി *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡിലെ* (മേൽ പരാമർശം) വിധിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. പ്രസ്തുത വിധി പുനഃപരിശോധിക്കണമെന്ന് എഎസ്ജി ശ്രീമതി ദിവാൻ ശക്തമായി വാദിച്ചു. പ്രവൃത്തി കരാറിന്റെ നിർവചനം ഉൾപ്പെടുത്തിക്കൊണ്ട് 2007 ജൂൺ 1 മുതൽ 1994 ലെ ധനകാര്യ നിയമത്തിൽ വരുത്തിയ ഭേദഗതിക്ക് മുമ്പുള്ള നിയമത്തിന്റെ നിലപാടിനെയാണ് ഈ വിധി പരിഗണിച്ചത് എന്നത് ശ്രദ്ധിക്കേണ്ടതാണ്, അതിൽ ഇനിപ്പറയുന്ന രീതിയിൽ വിലയിരുത്തപ്പെട്ടു:

a) മേൽപ്പറഞ്ഞ കേസിൽ 46-ാം ഭേദഗതിയിലേക്ക് നയിച്ച സാഹചര്യത്തിന്റെ ചരിത്ര പശ്ചാത്തലം ഈ കോടതി, പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി കരാറിൽ വിൽപ്പന നികുതി ചുമത്തുന്നതിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിത്തി. ഒരു പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന് സേവന നികുതി ചുമത്താൻ കഴിയുമോ എന്ന ചോദ്യം പരിഗണിക്കുന്നതിനിടെ, 1994 ലെ ധനകാര്യ നിയമം സേവന നികുതി അവതരിപ്പിച്ചുവെന്നും അതിന്റെ വകുപ്പ് 65 ൽ വിവിധ സേവനങ്ങൾ നികുതിക്ക് വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും നിരീക്ഷിക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ ഷെഡ്യൂൾ VII ലിസ്റ്റ് I എൻട്രി 97-നോടൊപ്പം വായിക്കുന്ന അനുച്ഛേദം 248-ൽ നിന്ന് അത്തരം നികുതിക്കായി നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം കണ്ടെത്താനാകും. നികുതിയുടെ ഒരു പ്രത്യേക വിഷയമായി പ്രവൃത്തി കരാറിന്റെ നിർവചനവും ആശയവും അവതരിപ്പിച്ചുകൊണ്ട് 2007 ൽ 1994-ലെ ധനകാര്യ നിയമത്തിൽ വരുത്തിയ ഭേദഗതിക്ക് മുമ്പുള്ള കാലഘട്ടവുമായി ബന്ധപ്പെട്ടതാണ് ഈ കേസിലെ തർക്കം. ഈ ഭേദഗതിയിലൂടെ അവിഭാജ്യവും സംയോജിതവുമായ പ്രവൃത്തി കരാറുകൾ വിഭജിക്കപ്പെട്ടു, അങ്ങനെ അത്തരം കരാറുകളുടെ തൊഴിൽ, സേവന ഘടകങ്ങൾക്ക് മാത്രമേ സേവന നികുതി എന്ന തലക്കെട്ടിന് കീഴിൽ

നികുതി ചുമത്തുകയുള്ളൂ. അതിനാൽ, ഒരു പ്രവൃത്തി കരാറിന് പ്രവൃത്തി കരാർ എന്ന നിലയിൽ നികുതി ബാധകമല്ല. ഈ കേസിൽ, റവന്യൂവിന് എതിരായി തീരുമാനമെടുത്ത വിവിധ ട്രൈബ്യൂണലുകളുടെയും ഹൈക്കോടതികളുടെയും വിധിന്യായങ്ങളെ ചോദ്യം ചെയ്യാൻ റവന്യൂ നാല് വാദങ്ങൾ ഉന്നയിച്ചു. ഇതിനു വിപരീതമായി, തങ്ങൾക്കെതിരായ ട്രൈബ്യൂണലിന്റെയും ഹൈക്കോടതികളുടെയും വിധിന്യായങ്ങളെ, പ്രത്യേകിച്ച് *ജി.ഡി. ബിൽഡേഴ്സ് v. യൂണിയൻ ഓഫ് ഇന്ത്യ* [(2013) 32 STR 673] കേസിൽ ഡൽഹി ഹൈക്കോടതി നൽകിയ വിധിന്യായത്തെ നികുതിദാതാക്കളും എതിർത്തു. 2007 ൽ ഭേദഗതി വരുത്തുന്നതിന് മുമ്പുള്ള പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന്മേൽ സേവന നികുതി നൽകേണ്ടതില്ലെന്നാണ് നികുതിദാതാക്കൾ വാദിക്കുന്നത്, അക്കാലയളവിലെ അവിഭാജ്യ പ്രവൃത്തി കരാറിനെ സംബന്ധിച്ചിടത്തോളം 1994 ലെ ധനകാര്യ നിയമപ്രകാരം നികുതി ചുമത്താവുന്നത് ചരക്ക് ഘടകം ഉൾപ്പെട്ടിട്ടില്ലാത്ത ശുദ്ധമായ സേവന കരാറുകളുടെ കാര്യത്തിൽ മാത്രമായിരുന്നുവെന്ന് അവർ പറയുന്നു. *ജി.ഡി. ബിൽഡേഴ്സ്* (മേൽ പരാമർശം) കേസിൽ ഡൽഹി ഹൈക്കോടതിയുടെ വിധി പൂർണ്ണമായും തെറ്റായതാണെന്നും *ലാർസൻ & ടൂബ്രോ ലിമിറ്റഡ് v. സി.എസ്.ടി* (19.03.2015-ൽ വിധി പറഞ്ഞ 2013-ലെ എസ്.ടി. അപ്പീൽ നമ്പർ 58658,) കേസിൽ ഡൽഹി ട്രൈബ്യൂണലിന്റെ അതിനേക്കാൾ വലിയൊരു ബെഞ്ചിലെ ജുഡീഷ്യൽ അംഗങ്ങൾ നൽകിയ ന്യൂനപക്ഷ വിധിയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും സമഗ്രമായി ചർച്ച ചെയ്ത് ശരിയായ നിഗമനത്തിലെത്തി എന്നും അവർ വാദിച്ചു. അങ്ങനെ, *ജി.ഡി. ബിൽഡേഴ്സ്* (മേൽ പരാമർശം) കേസിലെ ഡൽഹി ഹൈക്കോടതിയുടെ വിധിയെ നികുതിദാതാക്കൾ ചോദ്യം ചെയ്യുകയും അത് *ലാർസൻ & ടൂബ്രോ ലിമിറ്റഡ് v. സി.എസ്.ടി* (മേൽ പരാമർശം) എന്ന കേസിനൊപ്പം പരിഗണിക്കപ്പെടുകയും ചെയ്തു.

b) 'നികുതി നൽകേണ്ട സേവനം' എന്നതിന് 1994-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65 ലെ ഉപവകുപ്പ് 105 ൽ നൽകിയിട്ടുള്ള നിർവചനവും പ്രസ്തുത ഉപവകുപ്പിലെ പ്രസക്ത ഖണ്ഡങ്ങളായ (g), (zzd), (zzh), (zzzzq), (zzzz-h) എന്നിവയും; വകുപ്പ് 66-ലെ സേവന നികുതി ചുമത്തൽ; സേവന നികുതി ഈടാക്കുന്നതിനായി നികുതിബാധകമായ സേവനങ്ങളുടെ മൂല്യനിർണ്ണയം [വകുപ്പ് 67, വകുപ്പ് 65(105)(zzzza)]; അതുപോലെ തന്നെ 2006 ലെ സേവന നികുതി നിയമം (മൂല്യം നിർണ്ണയിക്കൽ) ചട്ടങ്ങളിലെ ചട്ടം 2-എ എന്നിവയെല്ലാം കണക്കിലെടുക്കുമ്പോൾ, നിലവിലുള്ള പ്രശ്നം മനസ്സിലാക്കുന്നതിനും നിർണ്ണയിക്കുന്നതിനും നിർണായകമായത് രണ്ടാമത്തെ കേസാണ്, അതായത് *ഗാനോൺ ഡങ്കർലി ആൻഡ് കമ്പനി v. സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [(1993) 1 എസ്സിസി 364] (ഗാനോൻ ഡങ്കർലി II)* (മേൽ പരാമർശം) ആണെന്ന് ഈ കോടതി നിരീക്ഷിച്ചു. മുകളിൽ പരാമർശിച്ചിരിക്കുന്നതുപോലെ, സംയോജിത അവിഭാജ്യ പ്രവൃത്തി കരാറിന് നികുതി

ചുമത്തുന്നതിനുള്ള രീതികൾ ഈ കോടതി പരിശോധിച്ചു. പ്രവൃത്തി കരാർ നടപ്പിലാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങളുടെ മൂല്യം കണക്കാക്കുന്നതിന് മുഴുവൻ പ്രവൃത്തി കരാറിന്റെയും മൂല്യം കണക്കിലെടുത്ത് അതിൽ നിന്ന് തൊഴിലാളിക്കും സേവനങ്ങൾക്കും വേണ്ടിയുള്ള ഇനിപ്പറയുന്ന ചാർജ്ജുകൾ കുറയ്ക്കണമെന്ന് നിരീക്ഷിക്കപ്പെട്ടു –

> "(എ) പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള തൊഴിൽ നിരക്കുകൾ;
>
> (ബി) തൊഴിലാളിക്കും സേവനങ്ങൾക്കും സബ് കോൺട്രാക്ടർക്ക് നൽകുന്ന തുക;
>
> (സി) പ്ലാനിംഗ്, ഡിസൈനിംഗ്, ആർക്കിടെക്ട് ഫീസ് എന്നിവയ്ക്കുള്ള ചാർജ്ജുകൾ;
>
> (ഡി) പ്രവൃത്തി കരാർ നടപ്പിലാക്കാൻ ഉപയോഗിക്കുന്ന യന്ത്രങ്ങളും ഉപകരണങ്ങളും വാടകയ്ക്കെടുക്കുന്നതിനോ മറ്റേതെങ്കിലും രീതിയിൽ ലഭിക്കുന്നതിനോ ഉള്ള ചാർജ്ജുകൾ;
>
> (ഇ) പ്രവൃത്തി കരാർ നടപ്പിലാക്കുമ്പോൾ കൈമാറ്റം ചെയ്യപ്പെടാത്ത വസ്തുവിൽ പ്രവൃത്തി കരാറിന്റെ നിർവ്വഹണത്തിനായി ഉപയോഗിക്കുന്ന വെള്ളം, വൈദ്യുതി, ഇന്ധനം തുടങ്ങിയ ഉപഭോഗവസ്തുക്കളുടെ വില; കൂടാതെ
>
> (എഫ്) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട പരിധി വരെ കരാറുകാരന്റെ സ്ഥാപനച്ചെലവ്;
>
> (ജി) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട മറ്റ് സമാന ചെലവുകൾ;
>
> (എച്ച്) തൊഴിലാളികളുടെയും സേവനങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ട പരിധി വരെ കരാറുകാരൻ നേടിയ ലാഭം."

പ്രവൃത്തി കരാറിന്മേൽ വിൽപ്പന നികുതി ചുമത്തുന്നതിനു മുമ്പായി, മുകളിൽ പറഞ്ഞ തലങ്ങളിൽ മൂല്യനിർണയത്തിൽ നിന്ന് കിഴിവ് ചെയ്യാവുന്ന തുക ഒരു പ്രത്യേക കേസിന്റെ വസ്തുതകളുടെയും കരാറുകാരൻ നിർമ്മിക്കുന്ന മെറ്റീരിയലിന്റെയും അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതുണ്ട്.

c) മുകളിൽ പറഞ്ഞ എട്ട് കിഴിവുകൾ പരാമർശിക്കുമ്പോൾ, ഗാനോൺ ഡങ്കർലി II (മേൽ പരാമർശം) കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, കരാറുകാരന്റെ അക്കൗണ്ടിൽ ഇത് സൂചിപ്പിക്കേണ്ടതുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടു. എന്നിരുന്നാലും, കരാറുകാരൻ ശരിയായ അക്കൗണ്ട് കണക്കുകൾ സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയാൽ അല്ലെങ്കിൽ അവരുടെ അക്കൗണ്ട് വിവരങ്ങൾ വിശ്വാസ്യ യോഗ്യമല്ലെന്ന് കണ്ടെത്തിയാൽ, മുഴുവൻ പ്രവൃത്തി

കരാറിന്റെയും മൂല്യത്തിന്റെ ഒരു നിശ്ചിത ശതമാനം എന്ന നിലയിൽ അതിന്റെ തൊഴിൽ, സേവന ഘടകവുമായി ബന്ധപ്പെട്ട ചെലവ് കണക്കാക്കുന്നതിനായുള്ള ഒരു ഫോർമുല നിർദ്ദേശിക്കുന്നത് നിയമസഭയുടെ പരിഗണനയ്ക്ക് വിടുന്നു. "നൽകേണ്ട എട്ട് കിഴിവുകൾ കണക്കിലെടുത്തല്ലാ ഒരു അവിഭാജ്യ പ്രവൃത്തി കരാറിന്റെ വിഭജനം നടത്തുന്നത് എങ്കിൽ, നികുതി ബാധകമാകുന്ന തുകയിൽ മറ്റ് കാര്യങ്ങൾക്ക് പുറമേ സ്ഥാപനത്തിന്റെ മുഴുവൻ ചെലവുകളും കരാറുകാരനുണ്ടായ മറ്റ് ചെലവുകളും ലാഭവും ഉൾപ്പെടാൻ അത് ഇടയാക്കും. കൂടാതെ ഇത് വിലക്കപ്പെട്ട പ്രദേശത്തേക്ക് കടക്കും, അതായത് പ്രവൃത്തി കരാറിൽ പറഞ്ഞിരിക്കുന്ന ചരക്കു രൂപത്തിലുള്ള സ്വത്ത് കൈമാറ്റവുമായി ബന്ധപ്പെട്ട ചെലവ്, ചെലവിടൽ, ലാഭം എന്നിവ ഇതിൽ വരും.". അതിനാൽ, ഒരു പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന് മാത്രം പ്രത്യേകമായ സേവന നികുതി ചുമത്തുന്നതിനാണ് സേവന നികുതി ചുമത്തുന്നതിനുള്ള വകുപ്പ് തന്നെ സ്ഥാപിതമായതെന്നും, നികുതി കണക്കാക്കുന്നത് പ്രവൃത്തി കരാറിന്റെ ആ ഭാഗത്തിന് മാത്രമേ ആകാവൂ എന്നുമുള്ള നികുതി ദാതാക്കളുടെ വാദം ശരിയാണെന്ന് കണ്ടെത്തി.പ്രവൃത്തി കരാറിന് ഈടാക്കുന്ന മൊത്ത തുകയിൽ നിന്ന് പ്രവൃത്തി കരാറിന്റെ നിർവഹണത്തിൽ കൈമാറ്റം ചെയ്യപ്പെടുന്ന സാധനങ്ങളിലെ സ്വത്തിന്റെ മൂല്യം കുറയ്ക്കുമ്പോൾ ലഭിക്കുന്ന ഒരു സേവന ഘടകം ഇതിൽ അടങ്ങിയിരിക്കണം. 1994 ലെ ധനകാര്യ നിയമത്തിൽ ഇത് ചെയ്തിട്ടില്ലായിരുന്നു എന്നതിനാൽ, വകുപ്പ് 65(105)-ലെ അഞ്ച് തലക്കെട്ടുകൾക്കു കീഴിലുള്ളവയ്ക്ക് നികുതി ചുമത്തുന്നത് ലളിതമായി സേവന കരാറിന് മാത്രമായുള്ളതായി മാറും, മറിച്ച് സംയോജിത അവിഭാജ്യ പ്രവൃത്തി കരാറിനുള്ളതാകില്ല. റഫറൻസിന്റെ എളുപ്പത്തിനായി ആ അഞ്ച് തലക്കെട്ടുകൾ താഴെപ്പറയുന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു:

> "(ജി) കമ്പ്യൂട്ടർ ഹാർഡ്‌വെയർ എഞ്ചിനീയറിംഗ് അല്ലെങ്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അല്ലാതെ എൻജിനീയറിംഗിന്റെ ഒന്നോ അതിലധികമോ മേഖലകളിൽ ഒരു ക്ലയന്റിന്, ഒരു കൺസൾട്ടിംഗ് എഞ്ചിനീയർ നൽകുന്ന ഏതൊരു വിധത്തിലുമുള്ള ഉപദേശം, കൺസൾട്ടൻസി അല്ലെങ്കിൽ സാങ്കേതിക സഹായം എന്നിവയുമായി ബന്ധപ്പെട്ട സേവനം ;
>
> * * *
>
> (zzd) ഒരു ഉപഭോക്താവിന്, ഒരു കമ്മീഷനിംഗ്, ആൻഡ് ഇൻസ്റ്റാളേഷൻ ഏജൻസി നിലമൊരുക്കൽ, കമ്മീഷൻ ചെയ്യൽ അല്ലെങ്കിൽ ഇൻസ്റ്റാളേഷൻ എന്നിവയുമായി ബന്ധപ്പെട്ട് നൽകുന്ന സേവനം;

(zzh) സാങ്കേതിക പരിശോധനയും വിശകലനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തിക്ക്, ഒരു സാങ്കേതിക പരിശോധന– വിശകലന ഏജൻസി വഴി നൽകുന്ന സേവനം;

(zzq) വാണിജ്യ താൽപ്പര്യവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തിക്ക്, ഒരു വാണിജ്യ സ്ഥാപനം വഴി നൽകുന്ന സേവനം;

(zzzh) ഒരു സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യക്തിക്ക്, മറ്റേതെങ്കിലും വ്യക്തി നൽകുന്ന സേവനം;

വിശദീകരണം: ഒരു ബിൽഡർ അല്ലെങ്കിൽ നിർമ്മാണത്തിന് മുമ്പോ നിർമ്മാണ വേളയിലോ നിർമ്മാണത്തിനു ശേഷമോ ബിൽഡർ അധികാരപ്പെടുത്തിയ ഏതെങ്കിലും വ്യക്തി, പൂർണ്ണമായോ ഭാഗികമായോ വിൽപ്പന നടത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഒരു സമുച്ചയം നിർമിക്കുന്നതിനെ (തൽക്കാലം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പ്രാപ്തനായ അധികാരി പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ്, ബിൽഡർ അല്ലെങ്കിൽ ബിൽഡർ അധികാരപ്പെടുത്തിയ വ്യക്തി, ഭാവി വാങ്ങലുകാരനിൽ നിന്നോ അയാളുടെ പേരിൽ മറ്റൊരാളിൽ നിന്നോ തുക സ്വീകരിക്കാത്ത സാഹചര്യങ്ങളിൽ ഒഴികെ) ഈ ഉപവകുപ്പിന്റെ ഉദ്ദേശ്യങ്ങൾക്കായി ബിൽഡർ വാങ്ങുന്നയാൾക്ക് നൽകുന്ന സേവനമായി കണക്കാക്കും".

d) കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും പരസ്പരം വേറിട്ട് നിൽക്കുന്ന നികുതി വ്യവസ്ഥയെയും അധികാരങ്ങളെയും കുറിച്ച് പറയുമ്പോൾ, സംസ്ഥാനം ചുമത്താവുന്ന വിൽപ്പന നികുതിയും കേന്ദ്രം ചുമത്താവുന്ന സേവന നികുതിയും തമ്മിലുള്ള വേർതിരിവ് ഈ കോടതി മുകളിൽ പറഞ്ഞ വിധിന്യായത്തിൽ ഊന്നിപ്പറഞ്ഞു. സംയോജിത അവിഭാജ്യ പ്രവൃത്തി കരാറിന്റെ പശ്ചാത്തലത്തിൽ, ഈ കരാറുകളിൽ അടങ്ങിയിരിക്കുന്ന സേവന ഘടകത്തിന് നികുതി ചുമത്താൻ പാർലമെന്റിന് മാത്രമേ കഴിയൂ, കൂടാതെ ഈ കരാറുകളിൽ അടങ്ങിയിരിക്കുന്ന ചരക്ക് രൂപത്തിലെ സ്വത്ത് കൈമാറ്റത്തിന് നികുതി ചുമത്താൻ സംസ്ഥാനത്തിന് മാത്രമേ കഴിയൂ. അതിനാൽ, നികുതിയുടെ ഉദ്ദേശ്യത്തിനായി രണ്ട് ഘടകങ്ങളെയും പൂർണ്ണമായും വേർതിരിക്കേണ്ടത് പ്രധാനമാണ്. എന്നാൽ, വാണിജ്യരംഗത്തും നിയമ രംഗത്തും തിരിച്ചറിയപ്പെടുന്ന കേവല സേവന കരാറുകളിൽ നിന്ന് വ്യത്യസ്തമായ ഒരു പ്രത്യേക തരം കരാറാണ് പ്രവൃത്തി കരാർ എന്നും അതിനെ അങ്ങനെ തിരിച്ചറിഞ്ഞ് പ്രത്യേകം നികുതി ചുമത്തേണ്ടതുണ്ടെന്നും വിധിക്കപ്പെട്ടു. *ഗാനോൺ ഡങ്കർലി I* (മേൽ പരാമർശം), *കോൺ എലിവേറ്റർ ഇന്ത്യ (പി) ലിമിറ്റഡ്* (മേൽ പരാമർശം), *ലാർസൻ*

& ടബ്ലോ ലിമിറ്റഡ് ആൻഡ് അദേർസ് v. സ്റ്റേറ്റ് ഓഫ് കർണാടക (മേൽ പരാമർശം) എന്നിവ പ്രവൃത്തി കരാറുകളുടെ കാര്യത്തിൽ നൽകിയ തീരുമാനങ്ങളെ കുറിച്ച് പരാമർശിക്കുമ്പോൾ അവയെല്ലാം വിൽപ്പന നികുതി നിയമ പ്രകാരം ഉയർന്നു വന്ന കേസുകളായിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്, 1994 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65 ലെ ഖണ്ഡിക 105 ൽ ഉപവകുപ്പ് (zzzza) ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തുന്നതുവരെ, 1994 ലെ ധനകാര്യ നിയമത്തിൽ പ്രവൃത്തി കരാറിന് നികുതി ചുമത്തുന്ന ഒരു വകുപ്പും ഉണ്ടായിരുന്നില്ല എന്ന് ഊന്നിപ്പറയപ്പെട്ടു. ഒടുവിൽ, ഖണ്ഡിക 23 ൽ ഇത് നിരീക്ഷിക്കപ്പെട്ടു:-

> "23. 1994 ലെ ധനകാര്യ നിയമം സൂക്ഷ്മമായി പരിശോധിച്ചാൽ, ചാർജിംഗ് വകുപ്പ് 65(105)ൽ പരാമർശിച്ചിരിക്കുന്ന, നികുതി നൽകേണ്ട അഞ്ച് സേവനങ്ങൾ സേവന കരാറുകളുമായി മാത്രം ബന്ധപ്പെട്ടതാണെന്നും സംയോജിത പ്രവൃത്തി കരാറുകൾക്ക് ബാധകമല്ലായെന്നും വ്യക്തമാകും. "നികുതി നൽകേണ്ട സേവനം" എന്നതിനെ "നൽകുന്ന ഏതൊരു സേവനവും" എന്ന് നിർവചിക്കുന്ന വകുപ്പ് 65(105) ന്റെ ഭാഷയിൽ നിന്ന് തന്നെ ഇത് വ്യക്തമാണ്. ഇതിൽ പ്രസ്തുത ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിരിക്കുന്ന എല്ലാ സേവനങ്ങളും മറ്റ് ഘടകങ്ങളൊന്നുമില്ലാത്ത സേവന കരാറുകളുമായി ബന്ധപ്പെട്ടതാണ്. ഉദാഹരണത്തിന്, കമ്മീഷൻ ചെയ്യലിനും ഇൻസ്റ്റാളേഷനുമായുള്ള സേവന കരാർ അല്ലെങ്കിൽ നിലമൊരുക്കൽ, കമ്മീഷൻ ചെയ്യൽ, ഇൻസ്റ്റാളേഷൻ എന്നിവക്കായുള്ള സേവന കരാർ. കൂടാതെ, വകുപ്പ് 67 പ്രകാരം, മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ, നികുതി ബാധകമായ സേവനത്തിന്റെ മൂല്യം സേവന ദാതാവ് നൽകുന്ന സേവനത്തിന് ഈടാക്കുന്ന മൊത്ത തുകയാണ്. ചാർജിംഗ് വ്യവസ്ഥയിൽ പരാമർശിച്ചിരിക്കുന്നത് സേവന കരാറുകളുടെ നികുതിയാണ്, നിലവിലുള്ള കേസുകളുടെ വസ്തുതകളിൽ അടങ്ങിയിരിക്കുന്നതുപോലെ, സംയോജിത പ്രവൃത്തി കരാറുകളുടെ കാര്യമല്ലാ എന്ന് ഇത് വ്യക്തമായി കാണിക്കുന്നു. സംയോജിത പ്രവൃത്തി കരാറുകളുടെ മൊത്ത മൂല്യത്തിൽ നിന്ന് ഒരു പ്രവൃത്തി കരാർ നടപ്പിലാക്കുമ്പോൾ ചരക്കുകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സ്വത്തിന്റെ മൂല്യം കുറച്ചുകൊണ്ട്, സംയോജിത പ്രവൃത്തി കരാറുകളിൽ നിന്ന് സേവനേതര ഘടകങ്ങൾ നീക്കം ചെയ്യാൻ മുകളിൽ പറഞ്ഞ ഏതെങ്കിലും വകുപ്പ് ശ്രമിച്ചിട്ടില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്."

അവിഭാജ്യ പ്രവൃത്തി കരാറിലെ സേവന ഘടകത്തിൽ സേവന നികുതി ചുമത്തുക എന്ന ആശയം അവതരിപ്പിക്കുമ്പോൾ അതിന്റെ പരിധിയിൽ നിന്ന് പൊതു താൽപ്പര്യം മുൻനിർത്തി റോഡുകൾ, വിമാനത്താവളം, വ്യോമയാന ഗതാഗതം, പാലങ്ങൾ, തുരങ്കങ്ങൾ,

അണക്കെട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തി കരാറുകൾ പോലുള്ള വിവിധ കരാറുകളെ ഒഴിവാക്കിയിട്ടുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടു. അത്തരം കരാറുകൾ ഒരിക്കലും സേവന നികുതിക്ക് വിധേയമാക്കാൻ ഉദ്ദേശിച്ചിട്ടില്ലാ എന്നാണ് ആ ഒഴിവാക്കലിന്റെ അർത്ഥം.

e) കൂടാതെ, *ജി.ഡി. ബിൽഡേഴ്സ് v. യൂണിയൻ ഓഫ് ഇന്ത്യ* [(2013) 32 എസ്ടിആർ 673] എന്ന കേസിലെ വിധിന്യായത്തിന്റെ കൃത്യതയും *ലാർസൻ & ടൂബ്രോ ലിമിറ്റഡ്* (മേൽ പരാമർശം) കേസിൽ, പരിഗണിച്ചു. 65(105)(g), (zzd), (zzh), (zzq), (zzzh) വകുപ്പുകൾ അവിഭാജ്യമായ സംയോജിത പ്രവൃത്തി കരാറിന് നികുതി ചുമത്താൻ പര്യാപ്തമാണെന്നും നികുതി കണക്കാക്കുന്നതിനുള്ള നിയമങ്ങൾ ഇനിയും രൂപപ്പെടുത്തിയിട്ടില്ലെങ്കിൽ പോലും നികുതി ചുമത്താൻ കഴിയുമെന്നും പ്രസ്തുത കേസിൽ, ഡൽഹി ഹൈക്കോടതി വിധിച്ചു. *മഹിം പത്രം (പി) ലിമിറ്റഡ് v. യൂണിയൻ ഓഫ് ഇന്ത്യ* [(2007) 3 എസ്സിസി 668] എന്ന കേസിലെ വിധിന്യായത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ഈ നിർദ്ദേശം. കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരമുള്ള നികുതിയുമായി ബന്ധപ്പെട്ട *മഹിം പത്രം* (മേൽപരാമർശം) കേസിലെ വിധിന്യായത്തെ *ജി.ഡി. ബിൽഡേഴ്സ്* (മേൽ പരാമർശം) കേസിൽ തെറ്റായി വായിച്ചതായി നിരീക്ഷിക്കപ്പെട്ടു; വിവിധ സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സംസ്ഥാനങ്ങളുടെ വിൽപ്പന നികുതി ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നൽകിയിരിക്കുന്ന സംവിധാനങ്ങളെ കേന്ദ്ര നിയമത്തിന് കീഴിലുള്ള കേന്ദ്ര വിൽപ്പന നികുതി ചുമത്തുന്നതിനും വിലയിരുത്തുന്നതിനുമായി ഉപയോഗിക്കുന്നതിനുള്ള അധികാരം കേന്ദ്ര വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 9(2) പ്രകാരം നൽകിയിട്ടുണ്ടെന്ന് *മാഹിം പത്രം* (മേൽ പരാമർശം) കേസിൽ നിരീക്ഷിക്കപ്പെട്ടു. കേന്ദ്ര വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 13(3) പ്രകാരമുള്ള അധികാരം വിനിയോഗിച്ചും ആ ചട്ടങ്ങൾ നിർമ്മിക്കാൻ കഴിയും, അതിന്റെ ഫലമായി കേന്ദ്ര വിൽപ്പന നികുതി കണക്കാക്കുന്നതിന് ആവശ്യമായ സംവിധാനം അവിടെ ഉണ്ടെന്ന് കണ്ടെത്തി. അതിനാൽ, കേന്ദ്ര വിൽപ്പന നികുതി നിയമത്തിനു കീഴിൽ നിർമ്മിച്ച ചട്ടങ്ങളുടെ അഭാവത്തിൽ പോലും കേന്ദ്ര നിയമത്തിന് കീഴിലുള്ള കേന്ദ്ര വിൽപ്പന നികുതി ലെവി, മൂല്യനിർണയം എന്നിവയ്ക്കായി സംസ്ഥാന വിൽപ്പന നികുതി ചട്ടപ്രകാരം നൽകിയിരിക്കുന്ന സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയും, കേന്ദ്ര വിൽപ്പന നികുതി നിയമത്തിന് കീഴിൽ ഒരു ചട്ടവും രൂപപ്പെടുത്തിയിട്ടില്ലെന്ന് പറയുന്നതിൽ നിന്ന് വ്യത്യസ്തമാണ് ഇത്. കേന്ദ്ര വിൽപ്പന നികുതി നിയമത്തിന് കീഴിൽ മൂല്യനിർണയത്തിനായി ഒരു നിയമവും രൂപപ്പെടുത്തിയിട്ടില്ല എന്നതിനാൽ, പ്രസ്തുത നിയമപ്രകാരം ഒരു നികുതിയും ഈടാക്കാൻ കഴിയില്ലായെന്ന് പറയാനാകില്ല. അതിനാൽ, *ജി.ഡി. ബിൽഡേഴ്സിലെ* ഡൽഹി ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ അംഗീകരിച്ചില്ല.

f) *ജി.ഡി. ബിൽഡേഴ്സ്* കേസിലെ (മേൽ പരാമർശം) ഡൽഹി ഹൈക്കോടതിയുടെ വിധിന്യായത്തിലെ ഖണ്ഡിക 51 പ്രത്യേകമായി പരാമർശിക്കുകയാണെങ്കിൽ, *ഗാനോൺ ഡങ്കർലി II* (മേൽ പരാമർശം) കേസിലെ ഈ കോടതിയുടെ തീരുമാനത്തെ പ്രസ്തുത വിധിന്യായം അവഗണിച്ചുവെന്ന് നിരീക്ഷിക്കപ്പെട്ടു, കാരണം ഒരു സംയോജിത പ്രവൃത്തി കരാറിൽ നിന്ന് സേവന ഘടകത്തെ വിഭജിക്കുന്ന രീതി പ്രസ്തുത കേസിൽ നിർവചിക്കപ്പെട്ടിടരുന്നു. പ്രസ്തുത പ്രവൃത്തി കരാറിന്റെ മൊത്തത്തിലുള്ള തുകയിൽ നിന്ന് വിവിധ കിഴിവുകൾ നടത്തിയല്ലാ അതിലെ സേവന ഘടകത്തെ കണ്ടെത്തേണ്ടത്, മറിച്ച് അതിൽ നിന്ന് ഈടാക്കിയ മൊത്തത്തിലുള്ള തുകയിൽ നിന്നാണ് സേവന ഘടകം കാണേണ്ടത്. അതിനാൽ, *ജി.ഡി. ബിൽഡേഴ്സിലെ* ഡൽഹി ഹൈക്കോടതിയുടെ വിധിന്യായത്തിലെ ഖണ്ഡിക 31 ഉദ്ധരിച്ചതിന് ശേഷം, ജി.ഡി. ബിൽഡേഴ്സ് (മേൽ പരാമർശം) കേസിൽ ശരിയായ വിധി നൽകിയിട്ടില്ലെന്ന് ഖണ്ഡിക 39-ൽ വ്യക്തമാക്കി :

> "ഈ ഖണ്ഡികയിൽ നിരവധി പിശകുകളുണ്ടെന്ന് ഈ കോടതി ആശങ്കപ്പെടുന്നു. സംയോജിത പ്രവൃത്തികൾ കരാറുകളുടെ കാര്യത്തിൽ, ആദ്യം സേവന ഘടകങ്ങൾ വിഭജിക്കുകയും ഉറപ്പാക്കുകയും ചെയ്യണമെന്നും പിന്നീട് നികുതി ചുമത്തണമെന്നും ഹൈക്കോടതി ആദ്യം ശരിയായി അഭിപ്രായപ്പെട്ടു. 1994 ലെ ധനകാര്യ നിയമപ്രകാരം ഇത് ചെയ്തിട്ടുണ്ടെന്ന കണ്ടെത്തൽ, വാസ്തവത്തിൽ, ഈ കോടതിയുടെ *രണ്ടാം ഗാനോൺ ഡങ്കർലി* [(1993) 1 എസ്സിസി 364] വിധിന്യായത്തെ അവഗണിക്കുന്നുവെന്നതിനാൽ പൂർണ്ണമായും തെറ്റായതാണ്. കൂടാതെ, ധനകാര്യ നിയമത്തിലെ വകുപ്പ് 67 ൽ "ചുമത്തിയ മൊത്ത തുക" എന്ന് പറയുന്നത് നൽകിയ സേവനത്തിന് "ചുമത്തിയ മൊത്ത തുക" മാത്രമാണെന്നും പ്രസ്തുത കരാറിലെ സേവന ഘടകത്തിൽ എത്തിച്ചേരുന്നതിന് വിവിധ കിഴിവുകൾ നടത്തേണ്ട പ്രവൃത്തി കരാറിന്റെ മൊത്തത്തിലുള്ള തുകയല്ലെന്നുമുള്ള കണ്ടെത്തൽ. അതിനാൽ, 1994 ലെ ധനകാര്യ നിയമത്തിൽ അവിഭാജ്യ പ്രവൃത്തി കരാറുകളിൽ സേവന നികുതി ചുമത്തുന്നതിനും കണക്കാക്കുന്നതിനുമുള്ള ചാർജ്ജും സംവിധാനവും അടങ്ങിയിരിക്കുന്നു എന്ന നിഗമനത്തിലെത്തിയ ഈ വിധി പൂർണ്ണമായും തെറ്റാണെന്ന് ഈ കോടതി കണ്ടെത്തുന്നു."

> 1994 ലെ ധനകാര്യ നിയമത്തിൽ അവിഭാജ്യ സംയുക്ത പ്രവൃത്തി കരാറിന്മേൽ സേവന നികുതി ചുമത്തുന്നതിനും കണക്കാക്കുന്നതിനുമുള്ള ഏതെങ്കിലും ചാർജോ സംവിധാനമോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, ആ നിയമപ്രകാരം സേവന നികുതി നിലവിലില്ലെന്നും അതിനാൽ സേവന നികുതി "ചുമത്തുന്നതിൽ" ഏതെങ്കിലും ഇളവ് ഉണ്ടായിട്ടില്ലെന്നും വ്യക്തമായി നിരീക്ഷിക്കപ്പെട്ടു.

(8) ഇതിനകം സൂചിപ്പിച്ചതുപോലെ,1994 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65(105)(zzzza)-ൽ പ്രവൃത്തി കരാറിന്റെ നിർവചനം ഉൾപ്പെടുത്തിക്കൊണ്ട് അതിനെ സേവന നികുതി പരിധിയിൽ കൊണ്ടുവന്നു. 2007 ലെ ധനകാര്യ നിയമപ്രകാരമാണ് ഇത് അവതരിപ്പിച്ചത്. അതിന്റെ ഫലമായി 2007 ജൂൺ 1 മുതൽ അത്തരം പ്രവൃത്തി കരാറിലെ സേവന ഘടകത്തെ സേവന നികുതിക്ക് വിധേയമാക്കി. പ്രസ്തുത ഭേദഗതി പ്രകാരം, അവിഭാജ്യവും സംയോജിതവുമായ പ്രവൃത്തി കരാറുകളെ, രണ്ട് ഘടകങ്ങളായി വിഭജിക്കുന്നു. അങ്ങനെ അത്തരം കരാറുകളിലെ തൊഴിൽ, സേവന ഘടകത്തിന് മാത്രം "സേവന നികുതി" എന്ന തലക്കെട്ടിനു കീഴിൽ നികുതി ചുമത്തുന്നു.

(9) മുകളിൽ പറഞ്ഞ പശ്ചാത്തലത്തിലാണ് പ്രവൃത്തി കരാറിന്റെ നിർവചനം ആദ്യമായി ഉൾപ്പെടുത്തിയത്. 2007 ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65(105)(zzzza) പ്രാധാന്യം അർഹിക്കുന്നു, 2007 ജൂൺ 1 മുതൽ ഇത് പ്രയോഗിക്കേണ്ടതുണ്ട്. അങ്ങനെ, 2007 സാമ്പത്തിക വർഷത്തിൽ, അതായത് 2007 ജൂൺ 1 മുതൽ ഭേദഗതി നടപ്പിലാക്കിയതിനുശേഷം, പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന്മേലുള്ള നികുതി ചുമത്താവുന്നതാണ്. അതിനാൽ, അതുവരെ പ്രസ്തുത നിയമപ്രകാരം പ്രവൃത്തി കരാർ എന്ന ആശയം നിലവിലില്ലായിരുന്നു എന്നതിനാൽ അത് ചുമത്താവുന്നതായിരുന്നില്ല.

(10) *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡിൽ* (മേൽ പരാമർശം) ഈ വശം അംഗീകരിച്ചുകൊണ്ട്, പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന്മേലുള്ള സേവന നികുതി ചുമത്താവുന്നതല്ലെന്ന് ഈ കോടതി വിധിച്ചു, അതായത്, മുകളിൽ നിർവചിച്ചിരിക്കുന്നതുപോലുള്ള പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിനു മേൽ നികുതി ഭേദഗതിക്ക് മുമ്പ് സേവന നികുതി ബാധകമല്ലായിരുന്നു.

(11) കൂടാതെ, *ഭയാന ബിൽഡേഴ്സ് (പി) ലിമിറ്റഡ് v. സിഎസ്ടി [(2013) എസ്സിസി ഓൺലൈൻ* സിഇഎസ്ടിഎടി 1951] എന്ന കേസിൽ കസ്റ്റംസ്, എക്സൈസ്, സർവീസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ (ചുരുക്കത്തിൽ, "സിഇഎസ്ടിഎടി") വിശാല ബെഞ്ച് 06.09.2013 ന് നൽകിയ വിധിന്യായത്തിന്റെ കൃത്യത *കമ്മീഷണർ ഓഫ് സർവീസ് ടാക്സ് ആൻഡ് അദേഴ്സ് v. ഭയാന ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ആൻഡ് അദേഴ്സ്* [(2018) 3 എസ്സിസി 782] എന്ന കേസിൽ ഈ കോടതി പരിഗണിച്ചു. പ്രസ്തുത കേസിൽ, *ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ്* (മേൽ പരാമർശം) കേസിലെ വിധിന്യായത്തെ ആശ്രയിക്കുകയും പ്രവൃത്തി കരാറിൽ സേവന നികുതി ചുമത്താത്ത ഘട്ടത്തിൽ, ഏതെങ്കിലും ഇളവ് സംബന്ധിച്ച ചോദ്യം ഉയർന്നുവരുന്നില്ലെന്ന് വിധിക്കുകയും ചെയ്തു. 1994-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 65 ലെ ഖണ്ഡം (105)-ലെ ഉപഖണ്ഡങ്ങളിൽ നിർവചിച്ചിരിക്കുന്നതുപോലെ നികുതി ബാധകമായ ഏതെങ്കിലും സേവനങ്ങൾ നിലവിലുള്ളപ്പോൾ, സേവന നികുതി ചുമത്തുന്നതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്നും അല്ലാത്തപ്പോൾ ഇത് പ്രസക്തമല്ലെന്നും

വിധിച്ചു. 06.09.2013-ലെ വിധിന്യായത്തിൽ സിഇഎസ്ടിഎടി-യുടെ ഫുൾ ബെഞ്ച് സ്വീകരിച്ച വീക്ഷണത്തോട് ഈ കോടതി യോജിക്കുകയും റവന്യൂ വകുപ്പിന്റെ അപ്പീലുകൾ തള്ളുകയും ചെയ്തു.

(12) അതിനാൽ, നിലവിലെ കേസിൽ നികുതിദാതാക്കൾ മേൽപ്പറഞ്ഞ വിധിന്യായങ്ങളെ ആശ്രയിക്കുന്നത് ന്യായവും ഉചിതവുമാണ്. മറുവശത്ത്, 1994 ലെ ധനകാര്യ നിയമത്തിൽ മേൽപ്പറഞ്ഞ ഭേദഗതി വരുത്തുന്നതിന് മുമ്പുതന്നെ പ്രവൃത്തി കരാറുകൾക്കു മേൽ സേവന നികുതി ചുമത്താവുന്നതായിരുന്നുവെന്ന് എഎസ്ജി ശ്രീമതി ദിവാന്റെ വാദം ശരിയല്ലെന്ന് വ്യക്തമാണ്. പ്രവൃത്തി കരാറിന്റെ നിർവചനം അതുവരെ ഇല്ലാതിരുന്നു എന്നതിനാൽ, പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിലല്ല, പൂർണ്ണമായ സേവന കരാറുകളിൽ മാത്രമാണ് ഇത് ചുമത്തിക്കൊണ്ടിരുന്നത്. അതിനാൽ, 1994 ലെ ധനകാര്യ നിയമത്തിൽ പ്രവൃത്തി കരാറിന്റെ നിർവചനം ഖണ്ഡം (zzzza) പ്രകാരം ഉൾപ്പെടുത്തിക്കൊണ്ട് വരുത്തിയ ഭേദഗതി വ്യക്തത വരുത്തുന്നതിന് വേണ്ടിയുള്ളതല്ല. ഒരു പ്രവൃത്തി കരാറിന്റെ സേവന ഘടകത്തിന്മേൽ സേവന നികുതി ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് കണ്ടെത്തിയ പാർലമെന്റിന് ഭേദഗതിയുടെ ആവശ്യകത ബോധ്യപ്പെടുകയും 2007 ലെ ധനകാര്യ നിയമത്തിൽ അത് ഉൾപ്പെടുത്തുകയുമായിരുന്നു.

(13) ആയതിനാൽ, *ലാർസൺ ആൻഡ് ടൂബ്രോ ലിമിറ്റഡിലെ* (മേൽ പരാമർശം) വിധി ശരിയായി തീരുമാനിക്കപ്പെട്ടതാണ്, കൂടാതെ 2007 ജൂൺ 1 ന് മുമ്പുള്ള കാലയളവിനെ സംബന്ധിച്ചിടത്തോളം അത് പുനഃപരിശോധിക്കേണ്ട കാര്യമില്ല. മുകളിൽ പറഞ്ഞ ചർച്ച കണക്കിലെടുത്ത്, 2010 ലെ സിവിൽ അപ്പീൽ നമ്പർ 6792 ഒഴികെ പരിഗണനയിലുള്ള എല്ലാ സിവിൽ അപ്പീലുകളും അനുവദിക്കുന്ന ജസ്റ്റിസ് എം.ആർ. ഷായുടെ വിധിന്യായത്തിന്റെ ഫലത്തോട് ഞാൻ യോജിക്കുന്നു, 2010 ലെ സിവിൽ അപ്പീൽ നമ്പർ 6792 നിരസിക്കപ്പെടുന്നു. ചെലവ് പരാമർശിക്കുന്നില്ല.

അപ്പീലുകൾ തീർപ്പാക്കി.